THE SOUL WINNER

For Private Circulation Only

# ദി സോൾ വിന്നർ

വാർത്താ പത്രിക
അക്ഷരം
ആത്മരക്ഷയ്ക്ക്

VOLUME 1 / ISSUE 3 /SEPTEMBER 2013

## ബൈബിൾ സൊസൈറ്റിയുടെ ബുക്ക് സ്റ്റാളുകൾ ആക്രമിക്കപ്പെട്ടു

ഈജിപ്റ്റ്: ഭരണസംബന്ധമായ ആഭ്യന്തര കലാപം തുടരുന്ന ഈജിപ്തിൽ ബൈബിൾ സൊസൈറ്റിയുടെ രണ്ട് സ്റ്റാളുകൾ ആക്രമിക്കപ്പെട്ടു. മെറ്റൽ ഡോർ അടിച്ച് തകർത്ത ആക്രമികൾ സ്റ്റാൾ തീവച്ച് നശിപ്പിക്കുകയും, ജോലിക്കാരെ ഉപദ്രവിക്കുകയും ചെയ്തു. 90 മില്യൻ വരുന്ന ആകെ ജനസംഖ്യയുടെ വെറും 10% വരുന്ന ക്രൈസ്തവർ നാളുകളായി മതഭീകരരുടെ കടുത്ത പീഡനങ്ങൾക്ക് ഇരയാകുന്നതായാണ് റിപ്പോർട്ടുകൾ.

129 വർഷമായി രാജ്യത്ത് പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ബൈബിൾ സൊസൈറ്റിക്ക് നേരെ ആദ്യമായാണ് ഇത്തരം ഒരു ആക്രമണം ഉണ്ടാകുന്നത്. ജനറൽ ഡയറക്ടർ ഓഫ് ഈജിപ്ത് ബൈബിൾ സൊസൈറ്റി രമേഷ് അറ്റ്ല്ലാഹ് തന്റെ ഇമെയിൽ സന്ദേശത്തിൽ നാം ക്രൈസ്തവർ ക്ഷമിക്കുന്നവരും സ്നേഹസമ്പന്നരും ശത്രുക്കളെന്ന് പറയുന്നവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരിക്കണമെന്ന് അഭ്യർത്ഥിച്ചു.

## പി.വൈ.പി.എയുടെ ആഭിമുഖ്യത്തിൽ സമൂഹവിവാഹം നടന്നു




*ഇൻഡ്യൻ പെന്തക്കോസ്ത് ദൈവസഭയുടെ ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി.ജോൺ പ്രസംഗിക്കുന്നു.*

ഇന്ത്യയിലെ മുഖ്യധാര പെന്തക്കോസ്തു യുവജന സംഘടനയായ പി.വൈ.പി.എ സംസ്ഥാന കമ്മിറ്റിയുടെയും ബഹറിൻ ഐ.പി.സി ചർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ നാലു യുവതികളുടെ വിവാഹം മാവേലിക്കര ഐ.ഇ. എം. ആഡിറ്റോറിയത്തിൽ വച്ച് ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭ കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാലയുടെ അദ്ധ്യക്ഷതയിൽ ഇൻഡ്യൻ പെന്തക്കോസ്ത് ദൈവസഭയുടെ ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ നിർവ്വഹിച്ചു. സംസ്ഥാന പി.വൈ.പി.എ പ്രസിഡന്റ് സുവി. വിൽസൺ ശാമുവേൽ സ്വാഗതവും, സെക്രട്ടറി പാസ്റ്റർ സാബു ചാപ്രത്ത് വിഷയാവതരണവും, മാവേലിക്കര മേഖലാ സെക്രട്ടറി പാസ്റ്റർ ഷാജി വർഗ്ഗീസ് കൃതജ്ഞതയും പറഞ്ഞു. നവദമ്പതികൾക്കുള്ള ധനസഹായം 1 ലക്ഷം രൂപ ഓരോ കുടുംബങ്ങൾക്ക് ശ്രീ. രാജേഷ് ആർ എം.എൽ.എയും മാവേലിക്കര മുൻസിപ്പൽ ചെയർമാൻ അഡ്വ കെ. ആർ മുരളീധരൻ പാസ്റ്റർ കെ.സി.ജോൺ എന്നിവർ കൈമാറി. ഐ.പി.സി പിറവം സെന്റർ മിനിസ്റ്റർ പാസ്റ്റർ. ബാബു ചെറിയാൻ , പാസ്റ്റർ തോമസ് ചാക്കോ, സിസ്റ്റർ സൂസൻ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. ഐ.പി.സി സീനിയർ മിനിസ്റ്റർ പാസ്റ്റർ കെ. എം. ജോൺ നവദമ്പതികളെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ മെമ്പറായ സജി പോൾ, പാസ്റ്റർ സുദർശനൻ പിള്ള, യു. എ.ഇ. റീജിയൻ സെക്രട്ടറി പാസ്റ്റർ ഡില്ലു ഡോൺ പത്ര പ്രവർത്തകരെ പ്രതിനിധീകരിച്ച് പാസ്റ്റർ രാജു ആനിക്കാട്, ബ്രദർ. മാമ്മൻ ജോൺ, ബ്രദർ. ജോർജ്ജ് മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ തോമസ് ചാക്കോ നേതൃത്വം കൊടുക്കുന്ന ഐ.പി.സി ബഹറിൻ ചർച്ചാണ് സമൂഹവിവാഹം സ്പോൺസർ ചെയ്തത്.

## പിന്നോക്ക ക്രൈസ്തവർക്ക് തുല്യ അവകാശം: ജയലളിത

ന്യൂഡൽഹി: ഹിന്ദു, സിക്ക്, ബുദ്ധ പൗരന്മാർക്കും നൽകുന്നതുപോലുള്ള തുല്യപ്രാധിനിത്യം തന്നെ ദളിത് ക്രൈസ്തവർക്കും നൽകണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിമാർ പ്രധാനമന്ത്രിക്ക് കത്തയച്ചു. ആഗസ്റ്റ് 9-ാം തീയതി തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയാണ് പ്രധാനമന്ത്രിക്ക് കത്തയച്ചത്. സമൂഹത്തിൽ പിൻതള്ളപ്പെട്ട ഇതര പിന്നോക്ക ജാതി മതസ്ഥർക്ക് പോലും ലഭിക്കുന്ന പരിഗണന പോലും ദളിത് ക്രൈസ്തവർക്ക് ലഭിക്കുന്നില്ല എന്ന് പ്രത്യേകം കത്തിൽ ചൂണ്ടിക്കാട്ടുന്നു.

1950 ലെ ഭരണഘടനയുടെ മൂന്നാം ആർട്ടിക്കിൾ പ്രകാരം ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഷെഡ്യൂൾഡ് കാസ്റ്റിലെ നിർവചനപ്രകാരം ദളിത് ഹിന്ദുക്കൾക്ക് അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പരമായ ഇതര പുരോഗതിയ്ക്ക് ഗവർണമെന്റ് സഹായത്തിന് അർഹരായി പരിഗണിക്കപ്പെട്ടു. 1956 ലും 1990 ലും ഈ പരിഗണന സിക്കുകാർക്കും ബുദ്ധമതസ്ഥർക്കും അനുവദിച്ചു. എന്നാൽ ഇതിൽ പരിഗണന ലഭിക്കാതെപോയ ക്രിസ്ത്യാനികളും മുസ്ലീങ്ങളും തങ്ങളെയും ഇതിൽ പരിഗണിക്കണമെന്ന് അന്നുമുതൽ ആവശ്യമുയർത്തിക്കൊണ്ടിരിക്കുന്നു.

ഷെഡ്യൂൾഡ് കാസ്റ്റ് ലിസ്റ്റിലുള്ളവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ദളിത് ക്രൈസ്തവർക്ക് നൽകാതിരിക്കുന്നത് അവരോടുള്ള നീതി നിഷേധമാണെന്നും ജയലളിത കത്തിൽ പറയുന്നു. ഇതര ഇന്ത്യൻ പൗരന്മാരായ എല്ലാ ജാതി മത

6

## യേശു ദ്വിലിംഗ ജീവി: ഡോ. സൂസന്ന കോർണവെൽ

യേശു ദ്വിലിംഗ ജീവി (സ്ത്രീപുരുഷ ലക്ഷണമുള്ളയാൾ) ആയിരുന്നു എന്ന് സ്ത്രീ വിമോചന വാദിയായ ഒരു തിയോളജിയൻ അഭിപ്രായപ്പെട്ടിരിക്കുന്നു. യേശു പുരുഷനായിരുന്നു എന്നത് കേവലം ഒരു ധാരണ മാത്രമായിരുന്നു എന്ന് മാൻഞ്ചെസ്റ്റർ യൂണിവേഴ്സിറ്റീസ് ലിൻകോളിൻ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർ ഡോ. സൂസന്ന കോർണവെൽ തന്റെ ലേഖനത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. സ്ത്രീ ബിഷപ്പുമായ് ബന്ധപ്പെട്ട് ലണ്ടനിൽ നടന്ന ഒരു പൊതു ചർച്ചാവേദിയിലാണ് ഈ അഭിപ്രായ പ്രകടനം. "Inter Sex & Entology: A Response to the church women bishop and provision" എന്ന തന്റെ പ്രബന്ധത്തിൽ യേശുവിന് സ്ത്രീയുടേയോ, പുരുഷന്റെയോ ഏത് ലിംഗമായിരുന്ന് എന്ന് സമർത്ഥിക്കാൻ കഴിയില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2500 പേരിൽ ഒരാളെന്ന ക്രമത്തിൽ (ശിഖണ്ഡികൾ) ദ്വിലിംഗ ജീവി ഉണ്ടായിരിക്കുമെന്നും യേശുവും ആ അപൂർവ്വ വ്യക്തികളിൽ ഒരാൾ ആയിരിക്കുമെന്നും അതുകൊണ്ട് യേശു ഒരിക്കലും പുരുഷനായിരുന്നില്ല എന്നും പറയുന്നു. കാരണം യേശു വിവാഹം ചെയ്തിരുന്നതായോ കുട്ടികൾ ഉണ്ടായിരുന്നതായോ ചരിത്ര രേഖകളിൽ ഒന്നിലും തെളിവില്ല.

ഇതിനെ നിഷേധിച്ച ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ പുരോഹിതൻ പീറ്റർ മുള്ളർ പുതിയ നിയമം ഗ്രീക്കിലാണ് എഴുതിയിട്ടുള്ളതെന്നും, യേശുവിനെ സംബോധന ചെയ്തിട്ടുള്ള സ്ഥലങ്ങളിലെല്ലാം തന്നെ പുരുഷനുള്ള പൊതുനാമം ആണ് ഉപയോഗിച്ചിട്ടുള്ളതെന്നും അല്ലാതെ സ്ത്രീലിംഗമോ അലിംഗ പൊതുനാമത്തിലോ അല്ല യേശുവിനെ സംബോധന ചെയ്തിരിക്കന്നതെന്നും പറഞ്ഞു.

സുവിശേഷ ഗ്രന്ഥകർത്താക്കളെല്ലാം യേശു ഒരു പുരുഷൻ ആയിരുന്നു എന്നു തന്നെയാണ് സമർത്ഥിക്കുന്നത്. യേശു

6

## പാമ്പുമായി പെന്തെക്കോസ്ത് റിയാലിറ്റി ഷോ



റ്റെൻലാഫൊല്ലെറ്റ്: റിയാലിറ്റി ഷോകൾ അരങ്ങുതകർക്കുന്ന ഈ കാലത്ത് ഏറെ വ്യത്യസ്തവും കൗതുകമുണർത്തുന്നതും ഒപ്പം ആശങ്കപ്പെടേണ്ടതുമായ ഒരു പെന്തെക്കോസ്ത് റിയാലിറ്റി ഷോ ആണ് നാഷണനൽ ജിയോഗ്രഫി ചാനലിൽ ആരംഭിച്ചിരിക്കുന്നത്. റ്റാബർനാക്കിൾ ചർച്ച് ഓഫ് ഗോഡിന്റെ പാസ്റ്റർ ആൻഡ്രൂ ഹാമിലിനും ഫുൾ ഗോസ്പൽ ടാബർനാക്കിൾ ഇൻ ജീസസ് നെയിം ചർച്ച് ഓഫ് മിഡിൽസ് ബോറോയുടെ പാസ്റ്റർ ജെയിംസ് കൂട്ട്സുമാണ് ഈ നവീന റിയാലിറ്റി ഷോയുടെ നടത്തിപ്പുകാർ.

കുറച്ച് വിശ്വാസികൾ മാത്രമുള്ള തങ്ങളുടെ ചർച്ചുകളിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ ഈ റിയാലിറ്റി ഷോയിലൂടെ സാധിക്കും എന്നാണ് ഇവർ അവകാശപ്പെടുന്നത്. 16 എപ്പിസോഡുകളുമായി കാസ്റ്റിംഗ് ഔട്ട് ഡീമൻ, ബിറ്റേൻ ഇൻ ചർച്ച്, പെനോം ഇൻ ദി വെയിൻ എന്നീ വ്യത്യസ്ത പേരുകളിലായാണ് റിയാലിറ്റി ഷോ നാഷണൽ ജിയോഗ്രഫി ചാനലിൽ ആരംഭിച്ചിരിക്കുന്നത്.

റിയാലിറ്റി ഷോയിലേക്കായ് കാറിൽ കൊണ്ടുപോകുകയായിരുന്ന അഞ്ച് റാറ്റിൽ പാമ്പുകളെ വൈൽഡ് ലൈഫ് റിസോർസ് ഏജൻസി പാസ്റ്റർ കൂട്ട്സിൽ നിന്നും പിടികൂടി. ഇത്തരം പാമ്പുകളെ സ്വകാര്യമാക്കുന്നത് നിരോധിച്ചിട്ടുള്ളതാണ്. പാമ്പുകളെ കൈകളിൽ പിടിച്ചുകൊണ്ട് റോക്ക് മ്യൂസിക്കിന്റെ അകമ്പടിയോടെ ആരാധിക്കുന്നതാണ് ഇതിന്റെ രീതി. കഴിഞ്ഞ ഒരു എപ്പിസോഡിൽ ഒരാൾക്ക് പാമ്പ് കടിയേൽക്കുകയും ചികിത്സിക്കുന്നതിന് പകരം ആരാധകരോട് സംഘാടകർ പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്തതായാണ് റിപ്പോർട്ട്.

കേവലം ഒരു റിയാലിറ്റി ഷോ വഴി ചർച്ചിലേക്ക് ആളുകളെ ആകർഷിക്കുക എന്നതിലുപരി മർക്കൊസ് 16-ാം അദ്ധ്യായത്തിലെ വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചടക്കും; മരണകരമായ യാതൊന്നു കടിച്ചാലും ഹാനി വരികയില്ല; രോഗികളുടെ മേൽ കൈവച്ചാൽ അവർക്കു സൗഖ്യം വരും എന്ന വാക്യങ്ങളെ ആധാരമാക്കിയാണ് ഈ കലാപരിപാടികൾ അരങ്ങേറുന്നത്. ദൈവജനം ജാഗ്രത പാലിക്കുക.




### എന്റെ ജീവിതയാത്രയുടെ ഇംഗ്ലീഷ് പരിഭാഷ ഉടൻ പുറത്തിറങ്ങും

സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും പ്രസിഡന്റുമായ ബഹു. കെ.ജി ഈശോയുടെ ജീവചരിത്രമായ എന്റെ ജീവിതയാത്ര എന്ന മലയാള ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷയായ My Life Journey ഉടൻ പുറത്തിറങ്ങും. ഗ്രന്ഥത്തിന്റെ മലയാളത്തിലെ പരിമിതമായ കോപ്പികൾ മത്രമാണ് ബാക്കിയുള്ളത്.കേരളത്തിലെ ബൈബിൾ കോളേജുകൾക്കും, ക്രിസ്തീയഗ്രന്ഥശാലകൾക്കും, സഭാ നേതൃത്വങ്ങൾക്കും മറ്റ് ആവശ്യക്കാർക്കും കോപ്പികൾ സൗജന്യമായ് കൊടുക്കുവാൻ താല്പര്യപ്പെടുന്നു. ആവശ്യമുള്ളവർ ബന്ധപ്പെടുക.

എഡിറ്റോറിയൽ

# യേശുക്രിസ്തു ലോകപ്രശസ്തനോ?

നമ്മുടെ ആളുകൾക്ക് ഏറെ പരിചിതമായ ഒട്ടേറെ പദങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ഏറെ ഉപയോഗിക്കുന്നതുമായ ഒന്നാണ് ലോകപ്രശസ്തർ എന്നത്. കൺവൻഷൻ വേദികളിലെ സുവിശേഷ പ്രസംഗകരുമായി ബന്ധപ്പെട്ടാണ് പ്രധാനമായും ഈ പദപ്രയോഗം ഉപയോഗിച്ചു വരുന്നത്. ഉദാഹരണമായി, ലോക പ്രശസ്ത സുവിശേഷകൻ ഡോ. ബില്ലി ഗ്രഹാം, ലോക പ്രശസ്ത ഉണർവ്വ് പ്രസംഗകൻ റവ. റെയിനാഡ് ബോങ്കെ, ലോക പ്രശസ്ത അത്ഭുത വരപ്രാപ്തൻ റവ. ബന്നി ഹിൻ, ലോക പ്രശസ്ത ഉണർവ്വ് പ്രസംഗകൻ റവ. വില്യം ലീ എന്നിങ്ങനെ എണ്ണമറ്റ വിദേശ പ്രസംഗകർക്ക് പുറമെ നമ്മുടെ കൊച്ചുകേരളത്തിലും ഉണ്ട് സുപ്രസിദ്ധരും ലോകപ്രശസ്തരുമായ പ്രസംഗകർ. പേര് പരാമർശിക്കപ്പെട്ട സ്വദേശീയരും വിദേശീയരുമായ ദൈവദാസിദാസന്മാരുടെ പ്രസംഗങ്ങളും അവരിലൂടെ സംഭവിച്ച അത്ഭുതങ്ങളും നിമിത്തം ഇവർ ലോക പ്രശസ്തരായി എന്ന് തന്നെയാണ് നാം വിലയിരുത്തേണ്ടത്. കേവലം മീൻ പിടുത്തക്കാരായിരുന്നവരും, സാധാരണക്കാരായിരുന്ന യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ സമൂഹമദ്ധ്യേ ഈ വിധത്തിൽ അറിയപ്പെട്ടിരുന്നവരോ? ലോകപ്രശസ്തരായി തീർന്നവരോ? എന്ന് നാം പരിശോധിക്കേണ്ടതാണ്.

സുവിശേഷ പ്രസംഗ വേദിയിലേക്ക് ആളുകളെ ആകർഷിക്കാൻ ഇന്ന് ഉപയോഗിക്കുന്ന പരസ്യവാചകമാണ് ലോക പ്രശസ്ത സുവിശേഷകൻ എന്നത്. ഇന്ത്യയുടെ ഗ്രാമങ്ങളെയും പട്ടണങ്ങളെയും അന്നും ഇന്നും ഇളക്കി മറിക്കുന്ന എണ്ണമറ്റ പ്രസംഗകരാണ് ഭാരതത്തിലെ ക്രൈസ്തവ സഭയ്ക്കുള്ളത്. എന്നാൽ ഇവരിലൂടെ യേശുക്രിസ്തു ലോക പ്രശസ്തനായോ? ഇന്ത്യയിൽ പ്രശസ്തനായോ എന്നതാണ് പരിശോധിക്കേണ്ടത്.

ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിക്കുന്നതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്ന യേശുക്രിസ്തുവിന്റെ അന്ത്യകല്പനയുടെയും എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്ന പരിശുദ്ധാത്മാവിന്റെ നിയോഗത്തിന്റെയും അടിസ്ഥാനത്തിൽ സുവിശേഷവുമായ് ഇറങ്ങിയവരിൽ ലോക പ്രശസ്തരായവർ അനവധിയാണ്. അതിൽ വിദേശികളും ഇന്ത്യക്കാരും കേരളീയരും എല്ലാവരും ഉണ്ട്. എന്നാൽ ഇന്ത്യയിൽ തന്നെ അഞ്ച് ലക്ഷം ഗ്രാമങ്ങളും കോടിക്കണക്കിന് ആളുകളും യേശുക്രിസ്തുവിനെക്കുറിച്ച് ഇതുവരെയും ഒരിക്കൽപോലും കേട്ടിട്ടില്ല എന്ന റിപ്പോർട്ടുകൾ പറയുമ്പോൾ, യേശുക്രിസ്തുവിനെ പ്രസംഗിച്ച നമ്മിൽ പലരും ലോകപ്രശസ്തരായെങ്കിലും നാം പ്രസംഗിച്ച, നമ്മെ പ്രസംഗിയാക്കിയതിനു കാരണക്കാരനായ യേശുക്രിസ്തു എത്രത്തോളം പ്രശസ്തനാണ്. നാം പ്രശസ്തരും ക്രിസ്തു അപ്രസക്തനുമാകുന്ന ഒരു പ്രതിഭാസമാണ് ഇന്ന് കണ്ടുവരുന്നത്.

ലോക സൃഷ്ടിതാവും ഏക സത്യദൈവവും മനുഷ്യന്റെ ഏകവീണ്ടെടുപ്പുകാരനുമായി ലോകത്തിന് ക്രിസ്തുവിനെ പരിചയപ്പെടുത്തുന്നവർ തന്നെ സ്വയം സൃഷ്ടിതാവും രക്ഷിതാവും വീണ്ടെടുപ്പുകാരനുമായ് തീരുന്ന അത്ഭുതകാഴ്ചകളാണ് ഇന്ന് നാം കാണുന്നത്.

ഒരു പക്ഷെ പ്രസംഗകർ തങ്ങളെ സ്വയം പരിചയപ്പെടുത്താൻ അല്ലെങ്കിൽ തന്നെയും ഇത്തരം ഒരു പരിചയപ്പെടുത്തൽ നമുക്ക് ആവശ്യമാണോ എന്ന് പരിശോധിക്കാൻ ഇനിയും വൈകരുത്. വിദ്യാസമ്പന്നരും ഉന്നതകുലത്തിൽ പിറന്നവൻ എന്നീ നിലകളിൽ പേരും പ്രശസ്തിയും ഒക്കെ ഉണ്ടായിരുന്ന അപ്പൊസ്തലനായ പൗലൊസ് എന്ന മിഷണറി വര്യൻ, തന്നെ ദേവനായി ചിത്രീകരിച്ച ജനത്തിന് മുമ്പിൽ രക്ഷിതാവായ ക്രിസ്തുവിനെ ഉയർത്തി താൻ സ്വയം അപ്രസക്തനായി തീരുന്നതാണ് വിശുദ്ധ ബൈബിളിൽ നിന്നും നാം പഠിക്കുന്നത്. മാനവരാശിയുടെ പാപപരിഹാരത്തിനായി ക്രൂശിൽ ഉയർത്തപ്പെട്ടവനായ യേശുക്രിസ്തു മാത്രമാണ് ലോകപ്രശസ്തനാകേണ്ടത്. ക്രിസ്തുവിനെ ചുമന്ന കഴുതയും പ്രശസ്തമായി എന്നതാണ് നമ്മുടെ പ്രശസ്തിക്ക് കാരണമായി പറയുന്നതെങ്കിലും നാം നിമിത്തം ക്രിസ്തു പ്രശസ്തനാകുന്നോ? ലോകരക്ഷിതാവായി യേശുക്രിസ്തുവിനെ അറിയപ്പെടുവാൻ നാം കാരണക്കാരാകുന്നുണ്ടോ?

നാട്യങ്ങളും പൊയ്മുഖങ്ങളും ഇല്ലാതെ നമുക്ക് ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കാം. അതിലൂടെ യേശുക്രിസ്തു ലോകപ്രശസ്തനായി തീരട്ടെ.




# മുന്നറിയിപ്പുകളെ അവഗണിക്കരുത്; തയ്യാറെടുപ്പുകൾ നടത്തുക



പീരുമേട് ക്ലീറ്റസ്

**വരാൻ പോകുന്ന വിപത്തിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയ ജനസമൂഹത്തിന് മുമ്പിൽ നോഹ വളരെ അപമാനിതനും നിന്ദിതനുമായ് തീർന്നു. എന്നാൽ അവസാനം തയ്യാറെടുപ്പ് നടത്തിയ നോഹയും കുടുംബവും രക്ഷപ്രാപിച്ചു എങ്കിലും ശേഷിച്ച മനുഷ്യർ പട്ടുപോയി.**

മുൻകൂട്ടി തയ്യാറെടുക്കുന്നത് വിശ്വാസത്തിന്റെ കുറവാണോ? ഒരു ക്രൈസ്തവൻ തയ്യാറെടുപ്പുകളെ അവഗണിക്കേണ്ടതാണോ? വിശ്വാസം എന്നത് കേവലം ദൈവിക പ്രവർത്തികളെ പ്രതീക്ഷിക്കാനുള്ള ഇരിപ്പിടമാണോ? അതോ നാം പ്രവർത്തിച്ച് തുടങ്ങുന്നതിന് ദൈവം നമുക്ക് തരുന്ന മാർഗനിർദ്ദേശമാണോ?

വിശ്വാസത്തിന്റെ പ്രവൃത്തി തുടരുന്നതിനെ നാം എന്തിന് തടയണം. മുൻകരുതൽ ഒന്നും എടുക്കാതെ ദൈവം നേരിട്ട് പ്രവർത്തിക്കട്ടെ എന്ന മനോഭാവത്തിലാണ് നാം ആയിരിക്കുന്നതെങ്കിൽ, എന്തിനാണ് നാം ബാങ്കിൽ ചെക്ക് ഒപ്പിട്ടു കൊടുക്കുന്നത്. ഇതിനെക്കാൾ നല്ലത് വീട്ടിൽ തന്നെ ഇരുന്നുകൊണ്ട് ദൈവം നമ്മുടെ അക്കൗണ്ട് നിറയ്ക്കട്ടെ എന്ന് വിശ്വസിക്കുന്നതും പ്രാർഥിക്കുന്നതുമാണല്ലോ?

ദൈവത്തിന് നമ്മുടെ ഭാഗത്ത് നിന്നുള്ള ഒരു ഇടപെടലും കൂടാതെ അസാധാരണമായ കാര്യങ്ങൾ കൊണ്ട് തന്റെ പ്രവർത്തി ചെയ്യുവാൻ സാധിക്കും. എന്നാൽ 99% വും നമ്മുടെ പ്രവർത്തിയുടെ തുടർച്ചയായാണ് ദൈവം പ്രവർത്തിക്കുന്നത്. വിശ്വാസത്തിന്റെ പ്രവർത്തിയും അനുസരണവും ദൈവം സദാകാലവും നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു. അതിലേക്ക് നമ്മെ നയിക്കുകയും നിയോഗിക്കുകയും അനുഗ്രഹിക്കുകയും പുതുവഴികളെ തുറന്നുതരികയും ചെയ്യും.

ഇതിനുള്ള അത്യുത്തമ ഉദാഹരണമാണ് നോഹയുടെ ജീവിത ചരിത്രം. ഒരുപക്ഷേ ബൈബിളിൽ ദൈവപ്രവർത്തിക്കായി ആദ്യം തയ്യാറായ വ്യക്തിയായിരിക്കാം നോഹ. ജലപ്രളയത്തിന്റെ ഒടുവിൽ വരെയും നോഹയേയും കുടുംബത്തേയും, വേണമെങ്കിൽ മറ്റേതെങ്കിലും സുരക്ഷിതമായ ഒരു സ്ഥലത്തേക്ക് മാറ്റി പാർപ്പിച്ചിട്ട് ശേഷം ഉണങ്ങിയ സ്ഥലത്തേക്ക് തിരികെ മാറ്റി പാർപ്പിക്കാമായിരുന്നു. എന്നാൽ ദൈവം ഇതിന് പകരം പെട്ടകം ഉണ്ടാക്കുവാനുള്ള നിർദേശം നൽകുകയാണ് ചെയ്തത്.

ഒരിക്കലും ദൈവപ്രവൃത്തി കാണാനായി മാറിയിരുന്ന നോഹയെ അല്ല നാം കാണുന്നത്. വിശുദ്ധമായ ദൈവഭയത്തോടുകൂടെ തനിക്കും കുടുംബത്തിനും രക്ഷപെടാനുള്ള പെട്ടകം ഉണ്ടാക്കുവാൻ തുടങ്ങി. നോഹ വിശ്വാസത്തിന്റെ പ്രവർത്തി ആരംഭിച്ചു (എബ്രായർ 11:7). വിശ്വാസത്താൽ നോഹ ദൈവകല്പന അനുസരിച്ച് പെട്ടകം ഉണ്ടാക്കി. തീഷ്ണമായ വിശ്വാസം തീഷ്ണമായ പ്രവർത്തിയിലേക്ക് നയിച്ചു.

വിശ്വാസം എല്ലായ്പ്പോഴും എല്ലാക്കാലത്തും പ്രവർത്തിയിൽ അധിഷ്ടിതമാണ്. ദൈവത്തെ നാം വിശ്വസിക്കാൻ പോകുന്നു എങ്കിൽ അവന്റെ നിർദേശങ്ങളെയും അനുസരിക്കണം.

വിശ്വാസത്തിന്റെ ആകെ തുക നോഹ വെളിപ്പെടുത്തിയത് വിറയലോട് കൂടിയായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്തെ എയർക്ലാഫ്റ്റിന്റെ അത്ര തന്നെ വലിപ്പം വരുന്ന ഒരു പെട്ടകമായിരുന്നു നോഹ തന്റെയും കുടുംബത്തിന്റെയും രക്ഷയ്ക്കായി പണിതത്. പെട്ടകത്തിന്റെ പണിക്കും തനിക്കും കുടുംബത്തിനും മൃഗങ്ങൾക്കും പക്ഷികൾക്കുമുള്ള ആഹാരം കണ്ടെത്തി സ്വരുകൂട്ടുന്നതിനും വളരെ ഏറെ സമയമെടുത്തു. വരാൻ പോകുന്ന വിപത്തിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയ ജനസമൂഹത്തിന് മുമ്പിൽ നോഹ വളരെ അപമാനിതനും നിന്ദിതനുമായ് തീർന്നു. എന്നാൽ അവസാനം തയ്യാറെടുപ്പ് നടത്തിയ നോഹയും കുടുംബവും രക്ഷപ്രാപിച്ചു എങ്കിലും ശേഷിച്ച മനുഷ്യർ പട്ടുപോയി.

വരാൻ പോകുന്ന ലോക സാമ്പത്തിക തകർച്ചയെ കുറിച്ച് ഒട്ടുമിക്ക ക്രൈസ്തവരും ബോധവാന്മാരാണെങ്കിലും അതിനുള്ള തയ്യാറെടുപ്പ് നടത്തുന്നതിൽ നിന്നും തീർത്തും വിമുഖത കാണിക്കുന്നവരാണ്.

ഉല്പത്തി 41-ാം അദ്ധ്യായത്തിൽ വരാൻ പോകുന്ന സമ്പൽസമൃദ്ധിയെ കുറിച്ചും കൊടും വരൾച്ചയേയും ദാരിദ്ര്യത്തെയും കുറിച്ചും ദൈവം മുൻകൂട്ടി യോസേഫിനെ അറിയിച്ചിരുന്നു. ഇതേതുടർന്ന് സമൃദ്ധിയുടെ വർഷങ്ങളിൽ തന്നെ വരാൻപോകുന്ന ദാരിദ്ര്യകാലത്തേക്കുള്ള മുൻ ഒരുക്കങ്ങളും തയ്യാറെടുപ്പുകളും യോസേഫിന്റെ നേതൃത്വത്തിലുള്ള സംഘം നടത്തി.

ഇപ്പോൾ യോസേഫ് അടിയന്തിര പാണ്ടികശാല തുറന്ന് പ്രവർത്തിപ്പിച്ചുതുടങ്ങി. ഇന്ന് വരെ ലോകം കണ്ടിട്ടില്ലാത്ത അത്ഭുതമുളവാക്കുന്ന മുൻകരുതലായിരുന്നു അത്. ദൈവം നൽകിയ മുന്നറിയിപ്പിനെ പരിഗണിച്ച് നടത്തിയ മുൻകരുതൽ നിമിത്തം ഈജിപ്റ്റ് എന്ന ഒരു രാഷ്ട്രത്തെയും അന്യരാജ്യക്കാരായ തന്റെ കുടുംബത്തെയും രക്ഷിച്ചു.

മുൻകരുതലുകളെ, തയ്യാറെടുപ്പുകളെ ചിലർ ഭീരുത്വമായാണ് കാണുന്നത്. ചിലർ തല മണ്ണിൽ പൂഴ്ത്തിയ അവസ്ഥയിൽ നിന്നുകൊണ്ട് വരാനുള്ളതിനെ നോക്കി കാണുമ്പോൾ മറ്റ് ചിലർ തീർത്തും നിരാശയിലേക്ക് കൂപ്പുകുത്തി വീഴും.

സദൃശ്യവാക്യങ്ങൾ 6:6–11 വരെയുള്ള വാക്യങ്ങളിൽ ശലോമോന്റെ ജ്ഞാനോപദേശം ഇവിടെ വളരെ പ്രസക്തമാണ്: മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക; അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്കുക. അതിനു നായകനും മേൽവിചാരകനും അധിപതിയും ഇല്ലാതിരുന്നിട്ടും വേനൽക്കാലത്തു തന്റെ ആഹാരം ഒരുക്കുന്നു. കൊയ്ത്തു കാലത്തു തന്റെ തീൻ ശേഖരിക്കുന്നു. മടിയാ നീ എത്രനേരം കിടന്നുറങ്ങും? എപ്പോൾ ഉറക്കത്തിൽ നിന്നെഴുന്നേൽക്കും? കുറെക്കൂടെ ഉറക്കം; കുറെക്കൂടെ നിദ്ര? കുറെക്കൂടെ കൈകെട്ടിക്കിടക്കുക. അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോക്കനെ പോലെയും നിന്റെ ബുദ്ധിമുട്ട് ആയുധപാണിയെപ്പോലെയും വരും.

ഈ വചനങ്ങളിൽ ഉടനീളം ഒരുക്കം, തയ്യാറെടുപ്പ് എന്ന വിഷയത്തെയാണ് ഏറെ പ്രതിപാദിച്ചിരിക്കുന്നത്.

➦ 7



ഡോ. ജോർജ്ജ് സാമുവേൽ

# മൂല്യബോധമുള്ള വിദ്യാഭ്യാസം മനുഷ്യനന്മയ്ക്ക്



**നമ്മുടെ വിദ്യാഭ്യാസത്തിൽ ഏറ്റവും അധികം അവഗണിക്കപ്പെട്ടുകിടക്കുന്ന സംഗതിയാണ് സ്വഭാവം. വിജയകരമായ പ്രവർത്തനത്തിന് ഒരു വ്യക്തി പഠിച്ച പാഠങ്ങളുടെ ആകെ വേണ്ടിവരുന്ന പങ്ക് പതിനഞ്ചു ശതമാനം മാത്രം – എൺപത്തിയഞ്ചു ശതമാനവും സ്വഭാവഗുണമാണ്.**

വിദ്യാഭ്യാസം പരമപ്രധാനമായ മനുഷ്യാവകാശങ്ങളിലൊന്നാണ്. മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകുവാനുള്ള പരിശ്രമത്തിൽ വളരെ ശ്രദ്ധാലുക്കളാണ്. കാരണം ഏറ്റവും ഉന്നതമായ വിദ്യാഭ്യാസം ലഭ്യമാകുന്നതോടെ മക്കളുടെ ജീവിതമാർഗ്ഗം ഉറപ്പായിക്കഴിഞ്ഞു എന്ന ബോധം അവർക്കുണ്ടാകുന്നു. നമ്മൾ സാധാരണ പറയുന്നതുപോലെ അവർക്ക് സ്വന്തം കാലിൽ നിൽക്കാനൊരു വരുമാനം ഉണ്ടാകണം അതിനുവേണ്ടി പ്രവേശന പരീക്ഷകളുടെ പരമ്പരകൾ നമ്മുടെ മക്കൾക്കുവേണ്ടി നാം ഒരുക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസങ്ങൾക്ക് ഇന്ന് പ്രവേശനപ്പരീക്ഷയെന്ന കടമ്പകടക്കാതെ നിവൃത്തിയില്ല. അതെല്ലാം നല്ല ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും തന്നെയാണ്. എന്നാൽ എങ്ങനെ ഒരു ജീവിതമാർക്ഷം കണ്ടെത്തണം – How to make a living? എന്നത് മാത്രം പഠിച്ചാൽ മതിയോ? എങ്ങനെ ജീവിയ്ക്കണം – How to live? – എന്നുകൂടെ പഠിയ്ക്കണ്ടെതില്ലേ? ധാരാളം ഉന്നതമായ ജീവിത ലക്ഷ്യങ്ങളുടെ പൂർണ്ണതയിലെ തകരാറുകൾ, എങ്ങനെ സമൂഹത്തിൽ ജീവിയ്ക്കണം. എന്നകാര്യം അറിയാതെ പോയതുകൊണ്ട് സംഭവിച്ചതാണ്. എങ്ങനെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണം? എങ്ങനെ പരാജയങ്ങളെ നേരിടണം? സ്വഭാവത്തിലും പെരുമാറ്റത്തിലും എങ്ങനെ മേന്മപുലർത്തണം? ജോലിയും ജീവിതത്തിലും എങ്ങനെ സംതൃപ്തി കണ്ടെത്തണം? എന്നിങ്ങനെയുള്ള കാര്യങ്ങളും നാം പഠിക്കേണ്ടതായിട്ടുണ്ട്. അവിടെയാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി നിലനില്ക്കുന്നത്.

## നല്ല മനുഷ്യരാക്കി മാറ്റുക

സമൂഹത്തിൽ ധാരാളം നല്ല മിടുക്കന്മാരായ, സാങ്കേതിക ജ്ഞാനമുള്ള, വിദഗ്ദ്ധന്മാരുണ്ട്. അവർ എഞ്ചിനീയർ, ഡോക്ടർ, ഭരണകർത്താക്കൾ, വിദ്യാഭ്യാസ പ്രമുഖർ എന്നീ നിലയിൽ പ്രഗത്മന്മാരാണ്. അതിൽ നാമെല്ലാം സന്തുഷ്ടിയുള്ളവരാണ്. അഭികാമ്യമായി അവരുടെ പ്രവർത്തനങ്ങളെ നാം പരിഗണിക്കുന്നു. എന്നാൽ ഇവരിൽ എത്രപേർ ഒരു നല്ല മനുഷ്യൻ എന്ന യോഗ്യതയ്ക്ക് അർഹരാകും? ചിന്തിക്കേണ്ട ഒരു വലിയ ഘടകമാണിത്. ഒരു മനുഷ്യൻ – A better person – ഇങ്ങനെയൊരു നിലവാരത്തിലേക്ക് വരുമ്പോൾ മാത്രമേ സമൂഹത്തിന് ആ മനുഷ്യനെക്കൊണ്ട് പ്രയോജനമുണ്ടാവുകയുള്ളു. ഓരോ വ്യക്തിക്കും ലഭിക്കുന്ന വിദ്യാഭ്യാസത്തോടൊപ്പം ഒരു നല്ല മനുഷ്യനായിരിക്കേണ്ടതെങ്ങനെയെന്നുകൂടെ പഠിപ്പിക്കുവാൻ കഴിയാതെ പോയതിന്റെ ദൂഷ്യഫലം ഇന്ന് നാം ധാരാളം മേഖലകളിൽ കണ്ടും അറിഞ്ഞും. അനുഭവിച്ചും, കടന്നു പോകുന്നു.

നമ്മുടെ രാജ്യത്ത് മനുഷ്യനന്മയെ മുൻനിർത്തി എന്തെല്ലാം നേട്ടങ്ങൾ നാം കൈവരിച്ചിട്ടുണ്ട് എന്ന് ചിന്തിക്കുമ്പോൾ വെളിപ്പെട്ടു വരുന്നതാണ് മുകളിൽ പറഞ്ഞിരിയ്ക്കുന്ന മൂല്യശോഷണാവസ്ഥ. ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ ആകാശം മുട്ടെ ഉയർന്നു നില്കുമ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെ പരസഹസ്രം മനുഷ്യജീവികൾ ദൈനദിനാവശ്യങ്ങൾ കണ്ടെത്തുവാൻ കഴിയാതെ തകർച്ചയിലേക്ക് വീണ് പോകുന്നത് നമുക്ക് വ്യക്തമായി കാണാം. ഇതിനു കാരണം ശാസ്ത്രസാങ്കേതിക വിജ്ഞാനം സ്വാർത്ഥപരമായി വിനിയോഗിക്കപ്പെടുന്നതു മൂലമാണെന്നതിൽ സംശയമില്ല.

## മനുഷ്യനന്മയുടെ മാർഗ്ഗം

ഒരു ശാസ്ത്രജ്ഞനെന്ന നിലയിൽ, അല്ലെങ്കിൽ മുൻപ് ശാസ്ത്രഗവേഷണത്തിലും, അതിന്റെ പ്രയോഗത്തിലും ഏർപ്പെട്ടിരുന്ന വ്യക്തി എന്ന നിലയ്ക്ക് ശാസ്ത്രവിജ്ഞാനത്തെ സംബന്ധിച്ച എന്റെ വിശ്വാസം, അത് മനുഷ്യരാശിയുടെ നന്മയ്ക്കു ഉതകണം എന്നതാണ്. നമ്മെ നിലനിർത്താനുതകുന്ന വികസനം Sustainable Development എന്ന സങ്കൽപത്തോടെ പ്രവർത്തിക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ ചെയ്തതിലുപരി ഒട്ടേറെ ചെയ്തുതീർക്കുവാനുണ്ടെന്ന ചിന്തയാണ് എന്നെ ഭരിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ, വിജ്ഞാനത്തെ മനുഷ്യനന്മയ്ക്കുവേണ്ടി ഉപയോഗിക്കുന്നതിനുള്ള മാർക്ഷനിർദ്ദേശങ്ങളൊന്നും തന്നെ നമ്മുടെ ഈ വിജ്ഞാനപ്പുസ്തകങ്ങളിലൊന്നും കണ്ടെത്തുവാൻ കഴിയുകയില്ല. ശാസ്ത്രസാങ്കേതിക വിജ്ഞാനത്തിന്റെ പ്രയോഗ സാധ്യതകൾ ശാസ്ത്രത്തിന്റെ പരിധികൾക്കപ്പുറമാണ് എന്നത് ആശ്ചര്യമായി തോന്നിയേക്കാം. കാരണം അവയുടെ ഉപയോഗത്തിന് മനുഷ്യൻ കൊടുക്കുന്ന സാധ്യതകൾ, പരിമിതികൾ, മൂല്യങ്ങൾ എന്നിവ

നമ്മുടെ രാജ്യം പ്രകൃതിസമ്പത്തുകൊണ്ട് മറ്റ് പല രാജ്യങ്ങളെയും അപേക്ഷിച്ച് അനുഗ്രഹീതമാണ്; അനുകൂലമായ കാലാവസ്ഥ, ക്രമമായ മഴ, ഫലഭൂയിഷ്ടമായ ഭൂമി, അദ്ധ്വാനശീലരായ ജനങ്ങൾ എന്നിങ്ങനെ പലതും ലഭ്യമാണ്. ഇവ ഉപയോഗിച്ച് വികസനപ്രവർത്തനങ്ങൾ ശക്തമായി മുന്നേറേണ്ടതാണ്. നമ്മുടെ ബുദ്ധിശക്തിയും, കഴിവുകളും ഉപയോഗപ്പെടുത്തി മറ്റുരാജ്യങ്ങൾ വളരെ വേഗം വികസിക്കുന്നുണ്ടെങ്കിലും നമ്മുടെ രാജ്യം വളരെ പിന്നോക്കാവസ്ഥയിലായിപ്പോയതെന്തുകൊണ്ടാണെന്ന് നാം ചിന്തിക്കേണ്ടതാണ്.

ഇത് വിധിയാണ് എന്ന് പറഞ്ഞ് സമാശ്വസിപ്പിച്ചിരുന്ന പഴയകാലം മാറി. അതിന്റെ കാരണങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ മറ്റ് രാജ്യങ്ങളെ പഴിചാരിയതുകൊണ്ടോ, ഉത്തരവാദിത്തം ആരുടെയെങ്കിലും തലയിൽ കെട്ടിവച്ചതുകൊണ്ടോ, താത്വികമായ കാരണങ്ങളിൽ ഊന്നി വികസിതരാജ്യങ്ങളെ കുറ്റം പറഞ്ഞതുകൊണ്ടോ നമ്മുടെ രാജ്യത്തിന്റെ നില മെച്ചപ്പെടുമെന്ന് വിചാരിക്കരുത്. വികസന പ്രവർത്തനങ്ങളിലൂടെ എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ ഇന്ന് ലഭ്യമായ വിജ്ഞാനം പ്രയോജനപ്പെടുത്തുവാൻ കഴിവുള്ള ആളുകളെയാണ് നമുക്കാവശ്യം. അങ്ങനെയൊരു വികസന സാധ്യത കൈവശമാക്കാം എന്ന കാര്യം ഇന്നത്തെ മുതിർന്ന തലമുറയിൽ പലരും സമ്മതിച്ചു തരികയില്ല. അവരുടെ സമീപനവും പ്രമാണവാക്യവും – ഇവിടെ ഒന്നും നടക്കുകയില്ല, അല്ലെങ്കിൽ, നടക്കുവാൻ പോകുന്നില്ല, എന്നതായിരിക്കും.

എന്നാൽ അടുത്ത തലമുറയെ അങ്ങനെയൊരു ചിന്തയിലേക്ക് നയിക്കുവാൻ പാടില്ല. അവരെ അങ്ങനെയൊരു ബോധത്തിലേക്ക് തള്ളിയിട്ടുകൂടാ ഇൻഡ്യയിൽ മാറ്റങ്ങൾ വരുത്തുവാൻ നമുക്ക് കഴിയും. അതിനുള്ള മാനവശേഷി – Man Power – നമുക്കുണ്ട്. അതിന് വേണ്ടുന്നതായ സാഹചര്യങ്ങളുമുണ്ട്. നാം ഒന്നിച്ച് ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ ഭാരതത്തിന്റെ മുഖഛായ മാറ്റുവാൻ കഴിയും. വൻകാര്യങ്ങൾ നേടിയെടുക്കാൻ കഴിയും – എന്നിങ്ങനെയുള്ള ആശയപ്രബുദ്ധതയിലൂടെ നാം അടുത്ത തലമുറയെ ബോധവല്ക്കരിക്കേണ്ടിയിരിക്കുന്നു. അതിന് തക്കതായ മൂല്യബോധം പകർന്നു കൊടുക്കുകയാണ് നാം ചെയ്യേണ്ടത്.

## സ്വഭാവ രൂപീകരണം

മനുഷ്യർക്ക് ആന്തരീകമായ സ്വാതന്ത്ര്യം ഉണ്ടെങ്കിൽ മാത്രമെ അവരെ ഏല്പിച്ച ജോലികൾ തൃപ്തിയോടുകൂടി നിർവ്വഹിക്കാനാവൂ. സമ്മർദ്ധത്തിന്റേയും അടിച്ചമർത്തലിന്റേയും ഫലമായി കൂറെയൊക്കെ ജോലി ചെയ്തെന്നു വരും. പക്ഷെ, സന്തോഷസമേതം പ്രവർത്തിക്കുവാൻ ആന്തരീക സ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. അതിനു മനോഭാവത്തിൽ വ്യത്യാസം ഉണ്ടാകണം. ആന്തരീകമായ ഈ വ്യതിയാനമാണ് മേന്മയേറിയ വ്യക്തിത്വമായി പുറമെ കാണപ്പെടുന്നത്. മനോഭാവത്തിന്റെ പ്രകാശനമാണ് വ്യക്തിത്വം. അപ്പോൾ മനോഭാവത്തിലെ വ്യതിയാനം മൂല്യാധിഷ്ഠിതമാകണമെന്നും വ്യക്തമാക്കുന്നു.

നമ്മുടെ വിദ്യാഭ്യാസത്തിൽ ഏറ്റവും അധികം അവഗണിക്കപ്പെട്ടുകിടക്കുന്ന സംഗതിയാണ് സ്വഭാവം. വിജയകരമായ പ്രവർത്തനത്തിന് ഒരു വ്യക്തി പഠിച്ച പാഠങ്ങളുടെ ആകെ വേണ്ടിവരുന്ന പങ്ക് പതിനഞ്ചു ശതമാനം മാത്രം – എൺപത്തിയഞ്ചു ശതമാനവും സ്വഭാവഗുണമാണ്. തൊഴിൽ വൈദഗ്ദ്ധ്യത്തിന് 15 ശതമാനം പങ്കേയുള്ളൂ. 85 ശതമാനവും വ്യക്തിപരമായ മേന്മയ്ക്കാണ് പ്രധാന പങ്ക്

പരിമിതികൾ, മൂല്യങ്ങൾ എന്നിവ നിർവചനാതീതമാകയാലണത് അങ്ങനെയായിപ്പോയത്. മൂല്യങ്ങളില്ലാത്ത സമൂഹം ശാസ്ത്രസാങ്കേതിക മാധ്യമങ്ങളെ സ്വാർത്ഥപരവും, ദോഷകരവുമായി ഉപയോഗിച്ചേക്കാം. എന്നാൽ ഒരു മൂല്യാധിഷ്ഠിതസമൂഹം അതിന്റെ നന്മകൾ മാത്രം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അതിനർത്ഥം, നമ്മുടെ കൈവശമുള്ള ശാസ്ത്രസാങ്കേതിക വിദ്യകളെ നന്മയ്ക്കോ, തിന്മയ്ക്കോ, പ്രയോജനകരമായോ, വിനാശകരമായോ, ഉപയോഗപ്പെടുത്തുവാനുള്ള സാധ്യത നിലനില്ക്കുന്നുണ്ട് എന്നാകുന്നു. വളരെ വിപൽക്കരമായ ഒരു സാഹചര്യമാണിവിടെ ഉളവായിരിക്കുന്നത്. ഈ സാഹചര്യത്തിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സങ്കേതങ്ങൾ ഒരു വലിയ പ്രസക്തി ഉൾകൊള്ളുന്നു. വിജ്ഞാനം മാത്രം കൊണ്ടായില്ല, മൂല്യാധിഷ്ഠിതം കൂടെയായിരിക്കണം അതിലുള്ള പ്രഗത്ഭ്യത്തിന്റെ അളവുകോൽ ഉപയോഗിച്ചുള്ള നിർണ്ണയങ്ങൾ. മനുഷ്യനന്മയ്ക്കു മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഒരു അനിവാര്യഘടകമത്രെ.

➪ 7



# സുവിശേഷീകരണം എന്നാൽ എന്ത്?



റവ. കെ. ജി ഈശോ
സോൾ വിന്നേഴ്സ് ഇൻഡ്യാ,
ഡയറക്ടർ & പ്രസിഡന്റ്

ഒരു വിഷയമില്ലാതെ ഒരു പ്രസംഗവുമില്ല. ആകാശത്തോട് മുഷ്ടിയുദ്ധം ചെയ്യുന്ന ചിലരെപ്പോലെ നാം ആകരുതെന്ന് 1 കൊരി. 9:26ൽ പറയുന്നു. വടക്കേ ഇൻഡ്യയിലുള്ള ഞങ്ങളുടെ ബൈബിൾസ്ക്കൂളിൽ പഠിക്കുവാൻ വരുന്നവരെല്ലാം വടക്കേ ഇൻഡ്യക്കാരും, മറ്റു മതങ്ങളിൽ നിന്നും, വരുന്നവരുമാണ്. അവരെ സുവിശേഷ വേലയ്ക്കായി പഠിപ്പിച്ച് ഒരുക്കി എടുക്കുക എന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യം. ഞാൻ പഠിപ്പിക്കുന്ന സുവിശേഷീകരണത്തെപ്പറ്റി അല്പം എഴുതട്ടെ.

സുവിശേഷം എന്നാൽ എന്ത്? ദൈവവചനം പഠിപ്പിക്കുന്നു: യേശുവിനെക്കുറിച്ചുള്ള സുവിശേഷം അപ്പൊ. 8:35; 11:20. അതിന്റെ അർത്ഥം കർത്താവായ യേശുക്രിസ്തുവിൽ കൂടെയുള്ള രക്ഷയുടെ സുവിശേഷം. മറ്റുചിലഭാഗങ്ങളിൽ സമാധാന സുവിശേഷം അപ്പൊ. 10:36, ദൈവരാജ്യത്തിന്റെ സുവിശേഷം മർക്കൊ. 1:14; അപ്പൊ. 8:12, ദൈവത്തിങ്കലേക്കു തിരിയണമെന്നുള്ള സുവിശേഷം അപ്പൊ. 14:15 എന്നെല്ലാം കാണുന്നു.

നമ്മുടെ പ്രധാനവിഷയം ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക; അതാകുന്നു എന്റെ സുവിശേഷമെന്ന് പൗലോസ് 2 തിമൊ. 2:4ൽ പറയുന്നു. സുവിശേഷം എന്ന പദത്തിന്റെ അർത്ഥം നല്ല വാർത്ത, സദ്വർത്തമാനം ഇവയാണ്. ജീവനുള്ള യേശുവിങ്കലേക്കു തിരിയണം എന്നുള്ള സുവിശേഷം അപ്പൊ. 14:15. കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും (അപ്പൊ. 16:31).

യേശുവിനെപ്പറ്റിയുള്ള സുവിശേഷം അറിയിപ്പാൻ ആരാണ് ആദ്യം പറഞ്ഞത്?

നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ എന്നു യേശുക്രിസ്തു തന്നെ പറഞ്ഞു (മർക്കൊ. 16:15). യേശുക്രിസ്തു ജനിച്ചത് എന്തിന് എന്നും മരിച്ചത് എന്തിന് എന്നും ഉയർത്തെഴുന്നേറ്റത് എന്തിന് എന്നും ഇനിയും രാജാവായി വരുന്നത് എന്തിന് എന്നും മറ്റും 2തിമൊ. 2:4, തുടങ്ങിയ വാക്യങ്ങളെ ആസ്പദമാക്കി പ്രസംഗിക്കാം.

## യേശു ആര്?

(1) യഹോവയാം ദൈവത്തിന്റെ പുത്രൻ (2) ത്രിത്വത്തിൽ രണ്ടാമൻ (3) തന്റെ ഏകജാതനായ പുത്രൻ (യോഹ. 3:16) (4)ദൈവപുത്രൻ (അപ്പൊ. 8:37) (5) ആദിയിൽ ദൈവത്തോട് കൂടെയായിരുന്നവൻ (യോഹ. 1:1) (6) ദൈവമക്കളാകുവാൻ അവനെ വിശ്വസിക്കുന്നവർക്കു അധികാരം കൊടുത്തവൻ (യോഹ. 1:12) (7) ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ. 1:36) (8) ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുന്നവൻ (ലൂക്കോ. 4:18) (9) ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കും കാഴ്ചയും പീഢിതന്മാരെ വിടു വിക്കുകയും ചെയ്യുന്നവൻ (യോഹ. 4:48) (10) ദൈവരാജ്യത്തെപ്പറ്റി സുവിശേഷീക്കുന്നവൻ (11) കർത്താവായ യേശുക്രിസ്തു എന്ന രക്ഷിതാവ് (ലൂക്കോ. 2:11) (12) ദൈവത്തിന്റെ പ്രിയപുത്രൻ (മർക്കോ. 1:11) (13) യഹൂദന്മാരുടെ രാജാവ് (മർക്കോ. 2:2) (14) യിസ്രായേലിനെ മേയ്പ്പാനുള്ള തലവൻ (മർക്കോ. 2:6) (15) അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്നു (മത്താ. 1:21) (16) ഇമ്മാനുവേൽ (മർക്കോ. 1:22) (17) പാപങ്ങളെ മോചിപ്പാൻ അധികാരമുള്ളവൻ (മർക്കോ. 2:10) (18) അത്ഭുത മന്ത്രി (19) വീരനാം ദൈവം (20) നിത്യപിതാവ് (21) സമാധാന പ്രഭു (22) സ്ത്രീയുടെ സന്തതിയും പിശാചിന്റെ (പാമ്പിന്റെ) തലതകർത്തവനും (ഉല്പ. 3:15) (23) പരിശുദ്ധാത്മാവിനെ പിതാവിൽ നിന്നും വാങ്ങി തരുന്നവൻ (അപ്പൊ. 2:33) (24) പരിശുദ്ധൻ (25) നീതിമാൻ (അപ്പൊ. 3:14) (26) ദൈവത്തിന്റെ ദാസൻ (വെളി. 3:13) (27) മറ്റൊരുത്തനിലും രക്ഷയില്ല രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല (അപ്പൊ. 4:12) (28) നസ്രയനായ ക്രിസ്തു (അപ്പൊ. 4:10) (29) യേശു എന്ന പരിശുദ്ധദാസൻ (അപ്പോ. 4:27) (30) കർത്താവായ യേശു (അപ്പൊ. 5:33).

(31) പ്രഭുവും രക്ഷിതാവും (അപ്പൊ. 5:31) (32) യേശുക്രിസ്തു (അപ്പൊ. 5:42) (33) നീതിമാനായവൻ (അപ്പൊ. 7:52) (34) നമ്മുടെ പാപം പോക്കി തന്റെ രക്തത്താൽ വിടുവിക്കുന്നവൻ (വെളി. 1) (35) തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജാവും പുരോഹിതന്മാരുമാക്കി തീർത്തവൻ (വെളി. 11:5) (36) മേഘാരൂഢനായി വരുന്നവൻ (37) ആല്ഫയും ഒമേഗയും (38) സർവ്വശക്തൻ (വെളി. 1:8) (39) അവൻ എല്ലാവരുടെയും കർത്താവായ യേശുക്രിസ്തു (അപ്പൊ. 10:36) (40) കർത്താവായ യേശുക്രിസ്തു (അപ്പൊ. 11:20) (41) മരിച്ചവരിൽ നിന്നും എഴുന്നേറ്റവൻ (അപ്പൊ. 13:30) (42) ഉപദ്രവം ഏൽക്കുന്ന യേശു (അപ്പൊ. 26:15) (43) നമ്മുടെ കർത്താവ് (റോമർ. 1:1) (44) ദാവീദിന്റെ സന്തതിയിൽ നിന്നും ജനിച്ചവൻ (യെശ. 1:5) (45) നമുക്കുവേണ്ടി മരിച്ചു (റോമ. 5:8) (46) യേശുക്രിസ്തു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റവൻ (റോമ. 8:34) (47) ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നവൻ (48) നമുക്കായി പക്ഷവാദം ചെയ്യുന്നവൻ (റോമ. 8:34) (49) അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ (റോമ. 9:5) (50) യിശ്ശായിയുടെ വേരും ജാതികളെ ഭരിക്കുന്നവനും (റോമ. 15:12) (51) ഇരിക്കുന്നവനും ഇരുന്നവനും വരുവാനുള്ളവനും (വെളി. 1:4) (52) വിശ്വസ്തസാക്ഷി (53) മരിച്ചവരിൽ ആദ്യജാതൻ (54) ഭൂരാജാക്കന്മാർക്കു അധിപതി (വെളി. 1:5).

ആദാമ്യ സന്തതിയായ ജനം ആദാം ദൈവത്തോട് അനുസരണക്കേടു കാണിച്ചതിനാൽ പാപികളായി തീർന്നു. ദൈവവചനം പറയുന്നു; ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായി തീർന്നു (റോമ. 5:19) ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു (റോമ. 3:23) (55) മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുള്ളവൻ (വെളി. 1:18) (56) പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ (വെളി. 2:1) (57) ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കുന്നവൻ (വെളി. 2:7) (58) ആദ്യനും അന്ത്യനുമായവൻ (വെളി. 2:8) (59) മന്ന കൊടുക്കുന്നവൻ, പുതിയ പേരു കൊടുക്കുന്നവൻ (വെളി. 2:8) (60) അഗ്നിജ്വാലയ്ക്കൊത്ത കണ്ണും വെള്ളോട്ടിനു സദൃശമായ കാലും ഉള്ള ദൈവപുത്രൻ (വെളി. 2:18) (61) ഇരുമ്പുകോൽ കൊണ്ടു മേയിക്കുന്നവൻ, ഉദയനക്ഷത്രം (വെളി. 2:28) (62) കള്ളനെപ്പോലെ വരുന്നവൻ (വെളി. 3:3) (63) വിശുദ്ധനും സത്യവാനും ആരും അടയ്ക്കാതെവണ്ണം തുറപ്പിക്കുന്നവനും (64) ആരും തുറക്കാതെ വണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ (65) ജയിക്കുന്നവനെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കുന്നവൻ (വെളി. 3:12).

(66) വിശ്വസ്തനും സത്യവാനും സർവ്വ സൃഷ്ടിയുടെയും ആരംഭമായവനും (വെളി. 3:14) (67) പ്രിയമുള്ളവരെ ഒക്കെയും ശാസിക്കുകയും ശിക്ഷിക്കുകയുംചെയ്യുന്നവൻ (വെളി. 3:18) (68) വേഗം വരുന്നവൻ (വെളി. 3:11) (69) കർത്താവായ ദൈവം പരിശുദ്ധൻ (വെളി. 3:8) (70) വാതിൽ തുറക്കുന്നവൻ (വെളി. 3:8) (71) പരീക്ഷാ സമയത്തു മറയ്ക്കുന്നവൻ (വെളി. 3:10) (72) ജയിക്കുന്നവനു സിംഹാസനത്തിലിരിപ്പാൻ വരം നല്കും (വെളി. 3:21) (73) കാഴ്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും തുല്യൻ (വെളി. 4:3) (74) യഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ (വെളി. 4:5) (75) അറുക്കപ്പെട്ട കുഞ്ഞാട് (വെളി. 4:6) (76) പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും അധികാരം ഉള്ളവൻ (വെളി. 5:9) (77) രക്തം കൊണ്ടു വിലയ്ക്കു വാങ്ങുന്നവൻ (വെളി. 5:9) (78) ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും ലഭിപ്പാൻ യോഗ്യൻ (വെളി. 5:12) (79) പരിശുദ്ധനും സത്യവാനുമായ നാഥൻ (വെളി. 6:10) (80) കണ്ണിൽ നിന്നും കണ്ണുനീരെല്ലാം തുടയ്ക്കുന്നവൻ (വെളി. 7:19) (81) അറുക്കപ്പെട്ട കുഞ്ഞാട് (വെളി. 13:8) (82) സർവ്വശക്തിയുള്ള കർത്താവ് (വെളി. 15:3) (83) രാജാധി രാജാവും കർത്താധികർത്താവും (വെളി. 19:15) (84) പാപങ്ങളെ ക്ഷമിക്കുന്നവൻ (85) കാര്യസ്ഥൻ (1 യോഹ. 2:1)

(86) നിർമ്മലൻ (1 യോഹ. 3:3) (87) നീതിമാൻ (1 യോഹ. 3:7) (88) പിശാചിന്റെ പ്രവൃത്തികളെ അഴിക്കുന്നവൻ (1 യോഹ. 3:8) (89) നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായവൻ (1 യോഹ. 4:10) (90) ലോകരക്ഷിതാവ് (1 യോഹ 4:14) (91) സ്നേഹമാകുന്ന ദൈവം, ദൈവം സ്നേഹം തന്നെ (1 യോഹ. 4:10) (92) നമ്മിൽ വസിക്കുന്നവൻ (1 യോഹ. 4:12) 93) നമ്മെ സ്നേഹിക്കുന്നവൻ (1 യോഹ. 4:19) 94) യേശു ദൈവപുത്രൻ (1 യോഹ. 5:5) (95) സത്യദൈവം, നിത്യജീവൻ (1 യോഹ. 5:20) (96) നമുക്കായി കരുതുന്നവൻ (1 പത്രോ. 5:7) (97) വിശുദ്ധൻ (1 പത്രോ. 1:16) (98) അവനിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ കൊടുക്കുന്നവൻ (1 പത്രോ. 2:22) (99) പാപം ചെയ്യാത്തവൻ (1 പത്രോ. 2:22) (100) വഞ്ചനയില്ലാത്തവൻ (1 പത്രോ. 2:22) (101) പകരം ശകാരിക്കാത്തവൻ (1 പത്രോ. 2:22) (102) കഷ്ടം അനുഭവിച്ചിട്ട് ഭീഷണി പറയാത്തവൻ (1 പത്രോ. 2:22) (103) ന്യായമായി വിധിക്കുന്നവൻ (1 പത്രോ. 2:23) (104) വികാരമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ലാത്തവൻ (യാക്കോ. 1:17) (105) മഹാ കരുണയും മനസ്സലിവും ഉള്ളവൻ (യാക്കോ. 5:11) (106) ആടുകളുടെ വലിയ ഇടയൻ (എബ്രാ. 13:20) (107) ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കുന്നവൻ (എബ്രാ. 1:3) (108) തന്നെത്താൻ ശ്രേഷ്ഠൻ (എബ്രാ. 1:4) (109) അനന്യനായ ദൈവം (എബ്രാ. 1:12) (110)കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത പുരോഹിതനും (111) മഹത്വവും ബഹുമാനവും അണിഞ്ഞവൻ (എബ്രാ. 2:9) (112) വെള്ളയും ചുവപ്പും ഉള്ളവൻ പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ (113) തന്നെത്താൻ പരീക്ഷിതനായവൻ (എബ്രാ. 2:18) (114) മോശെയെക്കാൾ അധികം മഹത്വത്തിനു യോഗ്യൻ (എബ്രാ. 3:13) (115) ശ്രേഷ്ഠനായ മഹാപുരോഹിതൻ (എബ്രാ. 4:14) (116) നിത്യരക്ഷയ്ക്കു കാരണഭൂതൻ (എബ്രാ. 5:9–10) 117) മല്ക്കീസദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ (118) അനീതിയുള്ളവനല്ല (എബ്രാ. 6:10) (119) ദൈവത്തോടു അടുക്കുന്നവർക്കായി പക്ഷവാദം ചെയ്യുന്നവൻ (എബ്രാ. 7:25) (120) സദാ ജീവിക്കുന്നവൻ (എബ്രാ. 7:25) (121) പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തൻ (എബ്രാ. 7:25) (122) പവിത്രൻ (എബ്രാ. 7:26) (123) നിർദ്ദോഷൻ (എബ്രാ. 7:26) (124) നിർമ്മലൻ (എബ്രാ. 7:26) (125) സ്വർഗ്ഗത്തേക്കാൾ ഉന്നതൻ (എബ്രാ. 7:26) (126) പാപികളോടു വേർപെട്ടവൻ (എബ്രാ. 7:26) (127) അനേകരുടെ പാപങ്ങളെ ചുമക്കുന്നവൻ (എബ്രാ. 9:28) (128) തനിക്കായി കാത്തു നില്ക്കുന്നവരുടെ രക്ഷയ്ക്കായി പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകുന്നവൻ (എബ്രാ. 7:26) (129) നമ്മുടെ പാപങ്ങളും അകൃത്യങ്ങളും ഇനി ഓർക്കാത്തവൻ (എബ്രാ. 10:27) (130) പ്രതികാരം എനിക്കുള്ളത് ഞാൻ പകരം വീട്ടും എന്നരുളിചെയ്തവൻ (എബ്രാ. 10:30). **(തുടരും)**



# അധികാരത്തിന് കീഴ്പ്പെട്ടിരിക്കുക

**ഒരു ക്രിസ്തീയ വിശ്വാസി, അവൻ ജീവിക്കുന്ന സമൂഹത്തിന്റെയും, രാഷ്ട്രത്തിന്റെയും പൊതുനിയമങ്ങൾക്ക് വിധേയനായി ജീവിക്കേണ്ടതാണ്.**



സന്തോഷ് ജോസഫ്

ദൈവം സർവ്വാധികാരിയും ദൈവാധികാരം പരമാധികാരവുമാണ്. നീതിപൂർവ്വമായ നിയമങ്ങളിലൂടെയും വ്യവസ്ഥകളിലൂടെയുമാണ് ദൈവം തന്റെ അധികാരം ഉപയോഗിക്കുന്നത്.

ഈ പ്രപഞ്ചത്തിലെ സർവ്വവും ദൈവത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ബൈബിൾ വ്യക്തമാക്കുന്നു. ''ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ'' (റോമർ 13:1). ദൈവത്തെ അനുസരിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യുന്നത് മനുഷ്യന്റെ സ്വയം വിവേചനാധികാരത്തിൽ നിഷിപ്തമായ വസ്തുതയാണ്. ദൈവിക അധികാരത്തോട് മറുതലിക്കുന്നതും, ദൈവീക അധികാരത്തെ അനുസരിക്കാതിരിക്കുന്നതും, ദൈവം ഏല്പിച്ചിരിക്കുന്ന അധികാരത്തെ ദുരുപയോഗം ചെയ്യുന്നതും പാപമാണ്.

ദൈവത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുവാനോ, തിരുത്തുവാനോ മനുഷ്യന് അവകാശമില്ല. ദൈവികാധികാരവും അതിന്റെ നിയമങ്ങളും ആത്യന്തികമായി പ്രയോജനപ്പെടുന്നത് മനുഷ്യന്റെ നന്മയ്ക്കും അനുഗ്രഹത്തിനുമാണ്. ദൈവീക അധികാരത്തിന്റെ പരിധി ദൈവവിശ്വാസികളിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. അതു അവിശ്വാസികൾക്കും കൂടി ബാധകമാണ്. ദൈവികാധികാരത്തിന്റെ ഭരണഘടന ദൈവവചനമാണ്.

### ദൈവിക അധികാരത്തെ നിരസിക്കുമ്പോൾ എന്തു സംഭവിക്കുന്നു?

ദൈവവചനം പറയുന്നു, ''ആകയാൽ അധികാരത്തോട് മറുക്കുന്നവൻ ദൈവവ്യവസ്ഥയോട് മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കുംം'' (റോമർ 13:2). അധികാരത്തോട് മറുതലിക്കുന്നവർ നരകയോഗ്യരായിത്തീരും (യെശയ്യാവ് 14:12-15). അവർക്ക് ന്യായവിധിയും ദണ്ഡനവും (1 പത്രൊസ് 2: 4, 9-10) ഉണ്ടായിരിക്കും.

ദൈവത്തിന്റെ അധികാരം നാം കാണുന്നത് ദൈവത്തിന്റെ കല്പനയിലൂടെയാണ്. ഉദാഹരണത്തിന്, ഏദൻ തോട്ടത്തിൽ വെച്ച് ദൈവം മനുഷ്യനോട് കല്പിച്ചത് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം ഒഴികെ മറ്റെല്ലാ വൃക്ഷങ്ങളുടെയും ഫലം തിന്നാമെന്നാണ്. എന്നാൽ കല്പന ലംഘിച്ചപ്പോൾ ഏദൻ ദമ്പതികൾ പാപം ചെയ്യുവാൻ ഇടയായി (ഉല്പത്തി 2:17; 3:1-19). ദൈവിക കല്പനകൾ ദൈവിക അധികാരത്തിൽ പെടുന്നതുകൊണ്ട്, ദൈവിക കല്പനകൾ ലംഘിക്കുമ്പോൾ ദൈവിക അധികാരത്തെയാണ് നാം എതിർക്കുന്നത്. ദൈവിക അധികാരപരിധിയിൽ നിന്നും വിട്ടുപോകുന്ന മനുഷ്യൻ ചെന്നെത്തുന്നത് ദൈവഹിതപ്രകാരമല്ലാത്ത ജീവിതസാഹചര്യങ്ങളിലേക്കാണ് എന്ന് മുടിയനായ പുത്രന്റെ കഥയിൽ നിന്നും നാം മനസ്സിലാക്കുന്നു (ലൂക്കോസ് 15:11-32).

ദൈവിക കല്പനകളെ അനുസരിച്ച് ദൈവികാധികാരത്തിന് കീഴ്പ്പെടുവാൻ തയ്യാറാകാത്തവർ ശപിക്കപ്പെട്ടവർ ആണ്. ''എന്നാൽ നീ നിന്റെ ദൈവമായ യഹോവയുടെ വാക്കു കേട്ടു, ഞാൻ ഇന്ന് നിന്നോട് ആജ്ഞാപിക്കുന്ന അവന്റെ കല്പനകളും ചട്ടങ്ങളും പ്രമാണിച്ചു നടക്കാഞ്ഞാൽ ഈ ശാപം ഒക്കെയും നിനക്കു വന്നു ഭവിക്കും'' (ആവ. 28:15).

പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ച അനന്യാസും സഫീരയും ദൈവമുമ്പാകെ മരണകാരണമായ കുറ്റമായിരുന്നു ചെയ്തത് (അപ്പൊ. 5:1-10).

പാപസ്വഭാവത്തിൽ ജീവിക്കുന്നവർക്ക് ദൈവീക വഴികളെ അനുസരിക്കുവാൻ സാധിക്കുകയില്ല. ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആണ്. അതു ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴ്പെടുന്നില്ല. കീഴ്പെടുവാൻ കഴിയുന്നതുമല്ല. ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാധിപ്പിപ്പാൻ കഴിവില്ല (റോമർ 8:7, 8).

### ദൈവിക അധികാരത്തെ അനുസരിക്കുമ്പോൾ എന്തു സംഭവിക്കുന്നു?

ദൈവിക അധികാരത്തെ അനുസരിക്കുമ്പോൾ അനുഗ്രഹങ്ങൾ ലഭിക്കുന്നു (ആവ. 28:1, 2). പിതാവിന്റെ അടുക്കലേക്ക് മടങ്ങിവരുന്ന ധൂർത്തപുത്രന്റെ കഥയിൽ നിന്നും പഠിക്കാവുന്നത്, ദൈവിക അധികാരത്തെ അംഗീകരിക്കുമ്പോൾ ഒരു വ്യക്തി ദൈവത്തിന് സ്വീകാര്യനായി മാറ്റപ്പെടുന്നു. അതുപോലെ, അയോഗ്യതയിൽ നിന്നും യോഗ്യതയിലേക്ക് ഉയർത്തപ്പെടുന്നു. എല്ലാവരാലും ത്യജിക്കപ്പെട്ട യോസേഫ് ദൈവത്തിന്റെ സന്നിധിയിൽ താണിരുന്നതുകൊണ്ട് ദൈവം അവനെ ഉയർത്തുവാൻ ഇടയായി. അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പീൻ (1 പത്രൊസ് 5:6). അനുസരിക്കുന്നത് യാഗത്തെക്കാൾ ശ്രേഷ്ഠമാണ് (1 ശമൂ. 15:22) എന്ന് ദൈവവചനം പറയുന്നു.

ഒരു ക്രിസ്തീയ വിശ്വാസി, അവൻ ജീവിക്കുന്ന കുടുംബത്തിന്റെയും, സഭയുടെയും, സമൂഹത്തിന്റെയും, രാഷ്ട്രത്തിന്റെയും പൊതുനിയമങ്ങൾക്ക് വിധേയനായി ജീവിക്കേണ്ടതാണ്. കുടുംബത്തിൽ എങ്ങനെ പെരുമാറണമെന്ന് പഴയനിയമത്തിലും (ആവ. 4:10) പുതിയനിയമത്തിലും (എഫെ. 6:10; 5:22-25; 1 തിമോ. 2:12) വ്യക്തമായ നിയമങ്ങളും ചട്ടങ്ങളും നല്കിയിട്ടുണ്ട്. സഭയിൽ, രക്ഷിക്കപ്പെട്ട ഒരു വ്യക്തി ദൈവത്തിന്റെ പരമാധികാരത്തിന് കീഴടങ്ങുന്നത്, ക്രിസ്തുവിനെ തന്റെ ജീവിതത്തിൽ കർത്തൃത്വം നടത്തുവാൻ ഏല്പിച്ചുകൊടുക്കുമ്പോഴാണ്. അതു പരിശുദ്ധാത്മാവിനാലും (റോമർ 8:14), ദൈവവചനത്താലും (2 തിമോ. 3:16) ആണ്. രാഷ്ട്രത്തിലും സമൂഹത്തിലും ഉള്ള അധികാരങ്ങൾ ദൈവത്താൽ നിയമിക്കപ്പെട്ടതും, അത് എല്ലാ വിശ്വാസികളും അംഗീകരിക്കേണ്ടതുമാണ് (1 പത്രൊസ് 2: 13-14). നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ (എബ്രാ. 13:17).

## മകൻ കല്പിച്ചു; പിതാവ് ഉയർത്തെഴുന്നേറ്റു



ന്യൂയോർക്ക്: കഴിഞ്ഞ 20 വർഷത്തെ എന്റെ അനുഭവത്തിൽ ഒരിക്കൽ പോലും മരിച്ച ഒരാളോട് ആരും തന്നെ ഉയർത്തെഴുന്നേൽക്കാൻ കല്പിക്കുന്നത് ഞാൻ കണ്ടിട്ടില്ല. അതുകൊണ്ട് ഇതൊരു അത്യത്ഭുതം എന്നല്ലാതെ ഒന്നും പറയാൻ കഴിയില്ല എന്ന് ഡോ. രാജാ നസ്റി സാക്ഷ്യപ്പെടുത്തുന്നു.

അത്ഭുതകരമായ ഈ വാർത്തയെക്കുറിച്ച് പത്രങ്ങൾ വളരെ പ്രാധാന്യത്തോടെയാണ് വാർത്ത പ്രസിദ്ധീകരിച്ചത്. ആന്റണി റോണിയ യാഹ്‌ലെ എന്നയാൾ ഉറക്കത്തിൽ നിന്നും ഉണരാതെ വന്നപ്പോൾ സഹധർമ്മിണി മെലീസ്സ വളരെ നേരം ഉണർത്താൻ ശ്രമിച്ചു. ഒടുവിൽ നാഡി ഇടിപ്പ് പരിശോധിച്ചപ്പോൾ ശ്വാസോച്ഛ്വാസം നിലച്ചതായ് ബോധ്യപ്പെട്ടതിനെത്തുടർന്ന് കെറ്ററിങ് മെഡിക്കൽ സെന്റർ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. അപ്പോഴേക്കും ഹൃദയമിടിപ്പ് നിലച്ചിട്ട് 45 മിനിറ്റ് പിന്നിട്ടിരുന്നു. ഹൃദ്രോഗ വിദഗ്ധനായ ഡോ. രാജാ നസ്റി തന്നെ രക്ഷിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തി പരാജയപ്പെട്ടു. ആന്റണി റോണിയ യാഹ്‌ലെയുടെ മരണം സ്ഥിരീകരിക്കാനുള്ള നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരുന്ന അതേ അവസരത്തിൽ സഭാജനങ്ങൾ ആലയത്തിൽ വിടുതലിനായി ശക്തമായി പ്രാർത്ഥിക്കുവാൻ ആരംഭിച്ചു.

വിവരം അറിഞ്ഞ് അകലെ നിന്നും ഓടിക്കിതച്ചെത്തിയ ദമ്പതികളുടെ മകൻ ലോണാൻസ് യാഹ്‌ലെ ആശുപത്രി എമർജൻസി റൂമിന്റെ കതക് ബലമായി തള്ളിത്തുറന്ന് അകത്ത് പ്രവേശിച്ചു. ഡോ. രാജാ നസ്റി മരണം സ്ഥിരീകരിച്ചുകൊണ്ടിരുന്നതിനിടയിൽ അവൻ അലറി വിളിച്ച് കൊണ്ട് പിതാവിനോടായി പറഞ്ഞു: “Dad, you are not going to die today’ പിതാവേ നീ ഇന്ന് മരിക്കാൻ പോകുന്നില്ല. നിമിഷങ്ങൾക്കകം ആന്റണി റോണിയ യാഹ്‌ലെയുടെ നാഡിയിടിപ്പ് പുനരാരംഭിച്ചു. വീണ്ടും ചില ദിവസത്തെ പരിചരണത്തിനും ശുശ്രൂഷയ്ക്കും പരിശോധനയ്ക്കും ശേഷം വീട്ടിലേക്ക് മടങ്ങിപ്പോരുകയും തന്റെ ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു. ദൈവത്തിന്റെ വചനം പറയുന്നു: മരണത്തിന്റെയും ജീവന്റെയും അധികാരം (സദൃ. 18:21) നമ്മുടെ നാവിന്മേൽ ഉണ്ട്. സത്യസഭ അത്ഭുതങ്ങളാലും അടയാളങ്ങളും വെളിപ്പെടും.

## മശിഹായെ മാർട്ടിനാക്കി

അമേരിക്ക: മശിഹാ എന്ന് നാമകരണം ചെയ്ത ഒരു ആൺകുട്ടിയുടെ പേര് ചൈൽഡ് സപ്പോർട്ട് മജിസ്ട്രേറ്റ് ലൂ ആൻ ബല്ലോ ആണ് മാർട്ടിൻ എന്ന് തിരുത്തി വിധി പുറപ്പെടുവിച്ചത്. ആഗസ്റ്റ് 12-ാം തീയതി ചൊവ്വാഴ്ച അമേരിക്കയിലെ റ്റെരേസ്സ ന്യൂമാനിൽ കോക്ക് കൗണ്ടി ചാൻസെറി കോർൽ റിപ്പോർട്ട് മജിസ്ട്രേറ്റ് മുമ്പാകെ (ഒരു) ദമ്പതികൾ സമർപ്പിച്ച കേസിലാണ് അത്യന്തം കൗതുകമുണർത്തുന്ന കേസിന്റെ വിധി ഉണ്ടായത്.

ജനുവരി 9-ാം തീയതി പിറന്ന ആൺകുട്ടിക്ക്, കുഞ്ഞിന്റെ അമ്മ ''മശിഹാ ഡെസ്പൻ മാർട്ടിൻ'' എന്ന് പേരിട്ടു. പേരിലെ അവസാന വാക്കായ അമ്മയുടെ പേരിൽ വിയോജിപ്പ് പ്രകടിപ്പിച്ച് പിതാവ് തർക്കം ഉണ്ടാക്കുകയും ഒടുവിൽ ഇരുവരും ചേർന്ന് കോടതിയെ സമീപിക്കുകയുമായിരുന്നു. വിശദമായി വാദം കേട്ട കോടതി പേരിലെ ആദ്യവാക്കായ മശിഹായ്ക്ക് പകരം മാർട്ടിൻ എന്നും ഒപ്പം പിതാവിന്റെയും മാതാവിന്റെയും പേരുകളും കൂടെ കൂട്ടിച്ചേർക്കുകയും ചെയ്തു.

മശിഹാ എന്ന നാമം യേശുക്രിസ്തുവിന് മാത്രം അവകാശപ്പെട്ടതാണെന്നായിരുന്നു ഉത്തരവിൽ ജഡ്ജി ചൂണ്ടിക്കാട്ടിയത്. കോടതി ഉത്തരവിനെതിരെ അപ്പീൽ നൽകിയിരിക്കുന്ന അമ്മ നലീസ മാർട്ടിൻ, മശിഹാ എന്ന പേരിൽ തന്നെ കുഞ്ഞിനെ പേർ വിളിക്കമെന്നും ഒരു ക്രിസ്തീയ വിശ്വാസിയായ തനിക്ക് അതിനുള്ള അവകാശം ഉണ്ടെന്നുമാണ് WBIR. T.V. യ്ക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞത്. എന്നാൽ ഇതിനെക്കുറിച്ച് പ്രതികരിക്കാൻ ജഡ്ജ് തയ്യാറായില്ല.

മശിഹാ എന്ന സംബോധന ക്രിസ്ത്യാനികൾക്കിടയിൽ മാത്രം നിലകൊള്ളുന്നതാണ്. സോഷ്യൽ സെക്യൂരിറ്റി അഡ്മിനിസ്ട്രേറ്റീവ് സ്റ്റാറ്റിസ്റ്റിക്സ് എന്ന സംഘടനയുടെ പഠന റിപ്പോർട്ട് അനുസരിച്ച് 2011.12 കാലഘട്ടങ്ങളിൽ ഏറ്റവും കൂടുതൽ പ്രചാരം നേടുന്ന ഒരു പേരാണ് മശിഹാ. 2012 ൽ ഏറ്റവും പ്രചരിച്ച് നിൽക്കുന്ന പേരുകളിൽ 387-ാമത്തെ പൊതുപേരാണ് മശിഹ.

## റഷ്യൻ ഹോട്ടലുകളിൽ ബൈബിൾ



മോസ്കോ (റഷ്യ): ക്രിസ്ത്യൻ ടെലഗ്രാഫി ന്റെ പുതിയ റിപ്പോർട്ടിങ്ങിലാണ് റഷ്യ ക്രിസ്തീയ പാരമ്പര്യം അംഗീകരിക്കുന്നു എന്ന വാർത്ത വന്നത്. രാജ്യത്തെ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെയും ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിന്റെയും നേതൃത്വത്തിൽ രാജ്യത്തെ മുഴുവൻ ഹോട്ടലുകളിലും ബൈബിൾ സൂക്ഷിച്ചുവയ്ക്കാനും പ്രദർശിപ്പിക്കാനും തീരുമാനിച്ചിരിക്കുന്നത്.

യൂറോപ്പിലെ എല്ലാ ഹോട്ടലുകളിലും അതിഥികൾക്ക് നൽകുന്ന ഒരു സ്നേഹോപകാരം കൂടിയാണ് ബൈബിൾ. ഇതിനാൽ യൂറോപ്പ്യൻ സംസ്കാരത്തിന്റെ ഒരു അടിസ്ഥാന ഘടകം തന്നെയാണ് ബൈബിൾ. ഇത്തരം ഒരു മാതൃക റഷ്യയിലും ആരംഭിക്കുന്നതിലൂടെ അതിഥികളോടുള്ള രാജ്യത്തിന്റെ ബഹുമാനവും ഒരു അത്യുന്നത സംസ്കാരത്തിന്റെ തുടക്കം കുറിക്കുകയും കൂടി ആയിരിക്കുമെന്ന് ഡയോസെസ്ന മിഷനറി കൗൺസിൽ ഓഫ് മോസ്കോയുടെ കമ്മീഷ്ണർ ചെയർമാനായ ഡവിക്രയ് പേർഷ്യൻ അഭിപ്രായപ്പെട്ടു.

## സോൾ വിന്നേഴ്സ് ഇന്ത്യാ വാർത്തകൾ

തമിഴ്നാട് (തിരുനെൽവേലി): സുവിശേഷം വേണ്ട നിലയിൽ എത്തിച്ചേരാത്തതും അക്രൈസ്തവർ മാത്രം തിങ്ങി പാർക്കുന്നതുമായ ഗ്രാമങ്ങളിൽ സോൾ വിന്നേഴ്സ് ഇന്ത്യയുടെ പുതിയ പ്രവർത്തനങ്ങൾ ആരംഭിച്ചു. വഴിയോരങ്ങളിലും മരച്ചുവട്ടിലുമാണ് ഇപ്പോൾ ആളുകൾ ആരാധനയ്ക്കായ് ഒത്തുചേരുന്നത്. തദ്ദേശിയരായ ആളുകളെ തന്നെയാണ് പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിരിക്കുന്നത്.

ഒരു ഗ്രാമത്തിലെ വാർഡ്മെമ്പർ കൂടിയായ ഹരിപുത്ര എന്ന ഒരു കർത്തൃദാസനാണ് നിലവിൽ ഇവിടങ്ങളിൽ പ്രവർത്തിക്കുന്നത്. സുവിശേഷത്തോടൊപ്പം സമൂഹത്തിന്റെ സാമൂഹിക വിദ്യാഭ്യാസ ആരോഗ്യ മേഖലകളുടെ സുസ്ഥിരമായ പുരോഗതിക്കും ആവശ്യമായ കൈത്താങ്ങലുകളും നൽകാൻ പ്രവർത്തകർ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇവിടെ കേവലം ഒരു സ്ഥലത്ത് മാത്രമാണ് കൂടിവരവിനായി ഷെഡ് പണിതിട്ടുള്ളത്. എല്ലാ സ്ഥലങ്ങളിലും ആരാധനാലയങ്ങൾ ഉണ്ടാകേണ്ടതിനായി ദൈവമക്കളുടെ പ്രാർഥനയും സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

### പുതിയതായി ചേർന്നു

കന്യാകുമാരി (നാഗർകോവിൽ): സ്വതന്ത്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 8 പ്രവർത്തനങ്ങൾ സോൾ വിന്നേഴ്സ് ഇന്ത്യയോട് പുതുതായ് ചേർന്നു. സോൾ വിന്നേഴ്സ് ഇന്ത്യ ചർച്ച് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി പാസ്റ്റർ എൻ. ക്രിസ്തുദാസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

### ക്ലാസുകൾ ആരംഭിച്ചു

മാവേലിക്കര: സോൾ വിന്നേഴ്സ് ഇന്ത്യ ബെഥേൽ ബൈബിൾ കോളേജിന്റെ കേരളത്തിലെ മാവേലിക്കര അറുനൂറ്റിമംഗലം ഇംഗ്ലീഷ് മീഡിയം ബൈബിൾ കോളേജിന്റെ ക്ലാസുകൾ ആരംഭിച്ചു. വടക്കേ ഇന്ത്യൻ സുവിശേഷീകരണത്തിനായി വേലക്കാരെ പരിശീലിപ്പിക്കുന്ന ഈ സ്ഥാപനത്തെ ഓർത്ത് പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.

സെപ്റ്റംബർ രണ്ടാം തീയതി പ്രിൻസിപ്പൽ പാസ്റ്റർ അനിയൻകുഞ്ഞിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സോൾ വിന്നേഴ്സ് ഇന്ത്യാ എക്സിക്യൂട്ടിവ് മെമ്പറും മാവേലിക്കര വെസ്റ്റ് ഐ.പി. സി. ആക്ടിംഗ് ഡിസ്ട്രിക്ട് പാസ്റ്ററുമായ റവ. പാസ്റ്റർ ജോൺസൻ ഏബ്രാഹാം ഉദ്ഘാടനം ചെയ്തു. റവ. പാസ്റ്റർ ചാക്കോ തോമസ് ആശംസാസന്ദേശം നൽകി. ഒറിസാ, വെസ്റ്റ് ബംഗാൾ, ബീഹാർ, നേപ്പാൾ, മധ്യപ്രദേശ്, അസ്സാം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർഥികളാണ് ഈ വർഷം അധ്യായനം നടത്തുന്നത്. മദ്ധ്യപ്രദേശിലെ ബട്വാഹായിലും, ആന്ധ്രാപ്രദേശിലെ തെനാലിയിലും ഉള്ള സോൾ വിന്നേഴ്സ് ഇൻഡ്യാ ബൈബിൾ കോളജുകളുടെ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു.

### വിവാഹിതരായി



റവ. സന്തോഷ് ഈശോയുടെ ആശംസാപ്രസംഗം, സമീപം റവ. അനിയൻകുഞ്ഞ് കെ. കെ.

കേരളം: സോൾ വിന്നേഴ്സ് ഇന്ത്യാ ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ സെക്രട്ടറി റവ. പാസ്റ്റർ എൻ. ക്രിസ്തുദാസിന്റെയും സഹധർമ്മിണി ലൈഫ്ല ക്രിസ്തുദാസിന്റെയും മൂത്തമകൾ ഡോ. നിസി ക്രിസ്തു ദാസ് വിവാഹിതയായി. തിരുവനന്തപുരത്ത് ഡോ. റജി ദാനിയേൽ, സഹധർമ്മിണി എജൻസ് ലില്ലിയുടെ മകൻ ക്യാപ്റ്റൻ രാജേഷ് ഡാനിയേൽ ആയിരുന്നു വരൻ.

ജൂലൈ 31-ാം തീയതി തിരുവനന്തപുരം ശ്രീമൂലം ക്ലബിൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്റർ എം. എ. വർഗീസാണ് (ബാംഗ്ലൂർ) വിവാഹം ആശീർവദിച്ചത്. സോൾ വിന്നേഴ്സിനെ പ്രതിനിധീകരിച്ച് അസോസിയേറ്റ് ഡയറക്ടർ റവ. സന്തോഷ് ഈശോയും സഹധർമ്മിണി പ്രെസ്സി സന്തോഷും കുടുംബവും ബെഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പൽ റവ. അനിയൻകുഞ്ഞ് കെ. കെ, സഹധർമ്മിണി സജില അനിയനും കുടുംബമായി പങ്കെടുത്തു ആശംസകൾ അറിയിച്ചു.

## എ. ജി. മലയാളം ഡിസ്ട്രിക്ട് സി. എ. ക്യാമ്പ് തേക്കടിയിൽ

കുമളി: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് യുവജന (സി.എ) ക്യാമ്പ് സെപ്റ്റംബർ 16 മുതൽ 18 വരെ കുമിളി ഹോളിഡേ ഹോമിൽ നടക്കും. സി.എ. പ്രസിഡന്റ് പാസ്റ്റർ ബിനു ജോസഫ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ സെബാസ്റ്റ്യൻ ദേവസ്യാ, നിറ്റ്സൺ കെ. വർഗീസ്, ജോസ് തോമസ്, പ്രഭാ ടി. തങ്കച്ചൻ, സുവി. ഷാജൻ ജോൺ ഇടയ്ക്കാട് തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. സമാപന സമ്മേളനത്തിൽ സഭാ സെക്രട്ടറി റവ. ബാബു ജോർജ് മുഖ്യസന്ദേശം നൽകും. ബൈബിൾ ക്ലാസ്സ്, ഗ്രൂപ്പ് ചർച്ച, കൗൺസിലിംഗ്, മിഷൻ ചലഞ്ച് പ്രെയ്സ് & വർഷിപ്പ്, പൊതുയോഗം, കാത്തിരിപ്പ് യോഗം, എന്നിവ ക്യാമ്പിന്റെ പ്രത്യേകതയാണ്. ക്യാമ്പിനോടനുബന്ധിച്ച് 17 ന് വൈകിട്ട് 4 ന് കുമളി ടൗണിൽ റാലിയും പരസ്യയോഗവും നടക്കും.

## ഇന്ത്യൻ നേഴ്സിന് ഒമാനിൽ അംഗീകാരം

കൊല്ലം-ശൂരനാട് : സുൽത്താനേറ്റ് ഓഫ് ഒമാൻ ഗവൺമെന്റിൽനിന്നും 2012-2013 ലെ ഏറ്റവും നല്ല സ്റ്റാഫ് നേഴ്സ് എന്ന ബഹുമതി ത്രേസ്യാമ്മ ജോസഫി (ജാൻസി)ന് ലഭിച്ചു. സാധാരണയായി സ്വദേശികൾക്ക് മാത്രം ലഭിക്കാറുള്ള ഈ ബഹുമതി വിദേശികൾക്ക് കിട്ടുക പ്രയാസമാണ്. മസ്ക്കറ്റ്, ഒമാൻ പെന്തക്കോസ്ത് അസംബ്ലി സഭാംഗവും, കൊല്ലം ജില്ലയിൽ ശൂരനാട് മംഗലത്ത് ഗിൽഗാൽ വീട്ടിൽ ഷിബു തോമസിന്റെ ഭാര്യയുമാണ്. കഴിഞ്ഞ ആഴ്ചയിൽ ഒമാൻ അധികാരികളിൽനിന്ന് ബഹുമതി പത്രം ഏറ്റുവാങ്ങുകയുണ്ടായി. ആലപ്പുഴ മെഡിക്കൽ കോളേജിലെ 1991-1994 ബാച്ച് ജനറൽ നേഴ്സ് വിദ്യാർത്ഥിയായിരുന്നു ത്രേസ്യാമ്മ. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലും ജോലി നോക്കിയിട്ടുണ്ട്. ജോഹന്ന, ഡാനിയേല എന്നിവർ മക്കളാണ്.

## ആർ. എഫ്. കുക്ക് സെമിനാർ



തിരുവല്ല: ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 31 ശനിയാഴ്ച തിരുവല്ല, മെഡിക്കൽ മിഷൻ ആശുപത്രിക്ക് സമീപമുള്ള ഗോസ്പൽ സെന്ററിൽ വെച്ച് ആർ. എഫ്. കുക്ക് സെമിനാർ നടന്നു. പാസ്റ്റർ സണ്ണി വർക്കിയുടെ അദ്ധ്യക്ഷതയിൽ ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി. ജി. മാത്യൂസ് സെമിനാർ ഉദ്ഘാടനം ചെയ്തു. ആർ. എഫ്. കുക്ക് ജീവിതവും ശുശ്രൂഷയും എന്ന വിഷയത്തെക്കുറിച്ച് സുവിശേഷകൻ ജെ. സി. ദേവ് പ്രബന്ധം അവതരിപ്പിച്ചു. പാസ്റ്റർ ഷിബു കെ. മാത്യു മോഡറേറ്ററായിരുന്നു. ജെയിസ് പാണ്ടനാട് ചർച്ചകൾ നയിച്ചു. പാസ്റ്റർമാരായ കെ. സി. സണ്ണിക്കുട്ടി, ഈ. ജോകച്ച്, പി. കെ. ജോസ, ലിസ്സിയാമ്മ മാത്യൂസ്, റെജീനാ ഫിലിപ്പ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. പാസ്റ്റർ തോമസ് ഫിലിപ്പ് ആശംസകൾ അറിയിച്ചു.

സഭാ നേതാക്കന്മാർ, മാദ്ധ്യമ പ്രവർത്തകർ, ശുശ്രൂഷകന്മാർ, റൈറ്റേഴ്സ് ഫെലോഷിപ്പ് അംഗങ്ങൾ മുതലായവർ സംബന്ധിച്ചു. പാസ്റ്റർമാരായ ജെ. ജോസഫ് (ജനറൽ സെക്രട്ടറി), ഷൈജു തോമസ്, റെണാൾഡ് കെ. സണ്ണി തുടങ്ങിയവർ നേതൃത്വം വഹിച്ചു.

### ☞ ❶ പിന്നോക്ക ക്രൈസ്തവർ...

സ്ഥർക്കും തങ്ങളുടെ ആശയങ്ങൾക്കും വിശ്വാസ പ്രമാണങ്ങൾക്കും സ്വാതന്ത്ര്യമുള്ളതുപോലെ തന്നെ ദളിത് ക്രൈസ്തവർക്കും ഭരണഘടനപരമായി അത്തരം സ്വാതന്ത്ര്യം അനുവദിക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടുന്നു. ഭാരത ജനസംഖ്യയിൽ 27 മില്യൻ വരുന്ന ദളിത് ക്രൈസ്തവരും ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും തിക്തഫലമനുഭവിച്ച് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ പ്രയാസപ്പെടുന്നവർ എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

## രാജി ദൈവിക നിയോഗം: പോപ്പ് എമിരറ്റസ്

വത്തിക്കാൻ സിറ്റി: ദൈവം എന്നോട് ആവശ്യപ്പെട്ടു, ഞാൻ അനുസരിച്ചു. മാർപാപ്പ സ്ഥാനം രാജിവയ്ക്കാനിടയായ കാരണത്തെക്കുറിച്ചു പോപ്പ് എമിരറ്റസ് എന്ന് ഇപ്പോൾ അറിയപ്പെടുന്ന ബെനഡിക്ട് മാർപാപ്പ മനസു തുറന്നു. ഈ ദൈവിക നിയോഗം ദർശത്തിലൂടെയല്ല, ഒരു ആത്മീയനുഭവത്തിലൂടെയാണ് കൈവന്നതെന്നും അദ്ദേഹം പറഞ്ഞു. വേനൽക്കാല വസതിയിൽ വച്ചാണ് മുൻ മാർപാപ്പ 600 വർഷത്തിനിടയിൽ മാർപാപ്പ സ്ഥാനത്തുനിന്നുള്ള ആദ്യരാജിയെന്ന നിലയിൽ ലോകത്തെ അമ്പരിപ്പിച്ച തീരുമാനമെടുത്തതിനെക്കുറിച്ചു സംസാരിച്ചത്. ആധുനിക കൈസ്തവനേതൃത്വങ്ങൾക്ക് സ്ഥാനലബ്ദിമാത്രം ദർശനസാക്ഷാത്കാരവും ദൈവനിയോഗവും ആകുമ്പോൾ മാർപാപ്പയുടെ രാജിയുടെ ദൈവനിയോഗം സഭാനേതൃത്വങ്ങൾക്ക് ഒരു മാതൃകയാകേണ്ടതാണ്.

## ഭക്ഷ്യ സുരക്ഷാ ബിൽ പാസാക്കി

ന്യൂഡൽഹി: ഇന്ത്യൻ പൗരനും തങ്ങൾ നൽകുന്ന ശാക്തീകരണ വിപ്ലവമെന്ന പ്രഖ്യാപനത്തോടെ കേന്ദ്രസർക്കാർ അവതരിപ്പിച്ച ഭക്ഷ്യ സുരക്ഷാ ബിൽ ലോക്സഭയിലും രാജ്യസഭയിലും പാസാക്കി.

ഓരോ ഗുണഭോക്താവിനും പ്രതിമാസം മൂന്ന് രൂപയ്ക്ക് അരി, രണ്ട് രൂപയ്ക്ക് ഗോതമ്പ് ഒരു രൂപയ്ക്ക് പയർ എന്നിവ നിർബന്ധമായും ലഭിക്കും. ഗ്രാമീണ മേഖലയിൽ 75% നഗരങ്ങളിൽ 50% ഗുണഭോക്താക്കൾ രാജ്യമൊട്ടാകെ 67% പേർക്കു ഭക്ഷ്യ സുരക്ഷ. 82 കോടി ജനങ്ങൾക്കു പ്രയോജനം. വിവരാവകാശം, വിദ്യാഭ്യാസാവകാശം, ആദിവാസികളുടെ വനാവകാശം, തൊഴിലവകാശം എന്നിവയ്ക്കു പിന്നാലെ അഞ്ചാമത്തെ അവകാശമാണ് സർക്കാർ ജനങ്ങൾക്കു നൽകുന്നത്. ജനക്ഷേമത്തെ മുൻനിർത്തി പ്രവർത്തിക്കുന്ന ഏതൊരു ഗവർണമെന്റിനു വേണ്ടിയും പ്രാർത്ഥിക്കാൻ നാം ദൈവമക്കൾ കടപ്പെട്ടവരാണ്.

### ☞ ❶ യേശു ദ്വിലിംഗ ജീവി:

വിനെ സംബന്ധിക്കുന്ന എല്ലാ രേഖകളിലും വസ്തുനിഷ്ടമായി തന്നെ യേശു ഒരു പുരുഷനായിരുന്നു എന്നും 12 വയസ്സ് തികഞ്ഞപ്പോൾ യെരുശലേം ദേവാലയത്തിൽ ആചാരമനുസരിച്ചുള്ള അർപ്പണത്തിന് പോയി എന്നുമുള്ള രേഖപ്പെടുത്തലുകൾ എല്ലാം തന്നെ യേശുവിന്റെ ലിംഗനിർണയത്തിന്റെ അനിഷേധ്യ തെളിവായിരുന്നു എന്നാണ് താൻ അഭിപ്രായപ്പെട്ടത്.

പ്രസിദ്ധ അപ്പോളജിസ്റ്റും ഗോസ്റ്റ് ഓഫ് ഭയ്റ്റിംഗ് ഫോർ ദ ഫെയ്ത്ത് മെമ്പറുമായ ക്രിസ്റോസ് ബ്രോകോർണവെൽ, പ്രൊഫസർ ഡോ. സൂസന്ന കോൺവെൽ തന്റെ വാദം നിഷേധിച്ചതായി അറിയിച്ചു. യേശുവിന്റെ അമ്മയായ മറിയയിൽ നിന്നും നേരിട്ട് മനസിലാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ലൂക്കൊസ് തന്റെ സുവിശേഷത്തിലൂടെ യേശുക്രിസ്തുവിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ബൈബിൾ വാക്യങ്ങളെ മനസിലാക്കാൻ ഡോ. ബ്രോ കോർണവെൽ ഡോ. സൂസന്നയെ നേരിൽ കണ്ടിരുന്നു.

ഒരു ആൺകുട്ടി ആയതുകൊണ്ട് മാത്രമാണ് 12-ാം വയസിൽ അഗ്രചർമ്മത്തിനായി യെരുശലേം ദേവാലയത്തിൽ മാതാപിതാക്കൾ യേശുവിനെ കൊണ്ടുപോയതെന്നും അലിംഗനോ സ്ത്രീയോ ആയതുകൊണ്ടല്ലെന്നും ബോധ്യപ്പെടുത്തി.

വ്യക്തമായ ഒരു തെളിവിന്റെയും അടിസ്ഥാനത്തിലല്ല ഈ പ്രസ്താവനയെന്നും യേശു ഒരു പുരുഷൻ തന്നെ ആയിരുന്നു എന്ന് സാമാന്യ ബുദ്ധിയുള്ള ഏതൊരാൾക്കും ഗ്രഹിക്കാൻ കഴിയുമെന്നും ഡോ. സൂസന്ന കോർണവെല്ലിന്റെ പ്രസ്താവനകൾ ശുദ്ധ അസംബന്ധവും ഭോഷ്ക് നിറഞ്ഞതും വസ്തുതകൾക്ക് നിരക്കുന്നതല്ലെന്നും താൻ കൂട്ടിച്ചേർത്തു.

## കുട്ടികളോട് ഇടപെടുമ്പോൾ

» കുട്ടികളുടെ കഴിവുകളെയും നല്ല പ്രവർത്തികളെയും പ്രശംസിക്കു
» കുട്ടികളെ ചെറിയ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുക
» കുട്ടികളെ അനാവശ്യമായി കളിയാക്കാതിരിക്കുക
» കുട്ടികളിൽ അന്തർലീനമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക
» മാതാപിതാക്കൾ എപ്പോഴും കുട്ടികളുടെ ശ്രോതാക്കളായിരിക്കുക
» കുട്ടികളുടെ മാനസിക വളർച്ചയ്ക്ക് അനുകൂല ഗൃഹാന്തരീക്ഷം സൃഷ്ടിക്കുക
» അനാവശ്യമായ വിലക്കുകൾ ഏർപ്പെടുത്താതിരിക്കുക



## ❸ മൂല്യബോധമുള്ള വിദ്യാഭ്യാസം മനുഷ്യനന്മയ്ക്ക്

### ന്യൂന ചിന്തകളെ തിരുത്തുക

നമ്മുടെ രാജ്യം പ്രകൃതിസമ്പത്തുകൊണ്ട് മറ്റ് പല രാജ്യങ്ങളെയും അപേക്ഷിച്ച് അനുഗ്രഹീതമാണ്; അനുകൂലമായ കാലാവസ്ഥ, ക്രമമായ മഴ, ഫലഭൂയിഷ്ടമായ ഭൂമി, അദ്ധ്വാനശീലരായ ജനങ്ങൾ എന്നിങ്ങനെ പലതും ലഭ്യമാണ്. ഇവ ഉപയോഗിച്ച് വികസനപ്രവർത്തനങ്ങൾ ശക്തമായി മുന്നേറേണ്ടതാണ്. നമ്മുടെ ബുദ്ധിശക്തിയും, കഴിവുകളും ഉപയോഗപ്പെടുത്തി മറ്റുരാജ്യങ്ങൾ വളരെ വേഗം വികസിക്കുന്നുണ്ടെങ്കിലും നമ്മുടെ രാജ്യം വളരെ പിന്നോക്കാവസ്ഥയിലായിപ്പോയതെന്തുകൊണ്ടാണെന്ന് നാം ചിന്തിക്കേണ്ടതാണ്.

ഇത് വിധിയാണ് എന്ന് പറഞ്ഞ് സമാശ്വസിപ്പിച്ചിരുന്ന പഴയകാലം മാറി. അതിന്റെ കാരണങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ മറ്റ് രാജ്യങ്ങളെ പഴിചാരിയതുകൊണ്ടോ, ഉത്തരവാദിത്തം ആരുടെയെങ്കിലും തലയിൽ കെട്ടിവച്ചതുകൊണ്ടോ, താത്വികമായ കാരണങ്ങളിൽ ഊന്നി വികസിതരാജ്യങ്ങളെ കുറ്റം പറഞ്ഞതുകൊണ്ടോ നമ്മുടെ രാജ്യത്തിന്റെ നില മെച്ചപ്പെടുമെന്ന് വിചാരിക്കരുത്. വികസന പ്രവർത്തനങ്ങളിലൂടെ എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ ഇന്ന് ലഭ്യമായ വിജ്ഞാനം പ്രയോജനപ്പെടുത്തുവാൻ കഴിവുള്ള ആളുകളെയാണ് നമുക്കാവശ്യം. അങ്ങനെയൊരു വികസന സാധ്യത കൈവശമാക്കാം എന്ന കാര്യം ഇന്നത്തെ മുതിർന്ന തലമുറയിൽ പലരും സമ്മതിച്ചു തരികയില്ല. അവരുടെ സമീപനവും പ്രമാണവാക്യവും – ഇവിടെ ഒന്നും നടക്കുകയില്ല, അല്ലെങ്കിൽ, നടക്കുവാൻ പോകുന്നില്ല, എന്നതായിരിക്കും.

എന്നാൽ അടുത്ത തലമുറയെ അങ്ങനെയൊരു ചിന്തയിലേക്ക് നയിക്കുവാൻ പാടില്ല. അവരെ അങ്ങനെയൊരു ബോധത്തിലേക്ക് തള്ളിയിട്ടുകൂടാ ഇൻഡ്യയിൽ മാറ്റങ്ങൾ വരുത്തുവാൻ നമുക്ക് കഴിയും. അതിനുള്ള മാനവശേഷി – Man Power – നമുക്കുണ്ട്. അതിന് വേണ്ടുന്നതായ സാഹചര്യങ്ങളുമുണ്ട്. നാം ഒന്നിച്ച് ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ ഭാരതത്തിന്റെ മുഖഛായ മാറ്റുവാൻ കഴയിയും. വൻകാര്യങ്ങൾ നേടിയെടുക്കാൻ കഴിയും – എന്നിങ്ങനെയുള്ള ആശയപ്രബുദ്ധതയിലൂടെ നാം അടുത്ത തലമുറയെ ബോധവല്ക്കരിക്കേണ്ടിയിരിക്കുന്നു. അതിന് തക്കതായ മുല്യബോധം പകർന്നു കൊടുക്കുകയാണ് നാം ചെയ്യേണ്ടത്.

### സ്വഭാവ രൂപീകരണം

മനുഷ്യർക്ക് ആന്തരീകമായ സ്വാതന്ത്ര്യം ഉണ്ടെങ്കിൽ മാത്രമെ അവരെ ഏല്പിച്ച ജോലികൾ തൃപ്തിയോടുകൂടി നിർവ്വഹിക്കാനാവൂ. സമ്മർദ്ധത്തിന്റേയും അടിച്ചമർത്തലിന്റേയും ഫലമായി കുറെയൊക്കെ ജോലി ചെയ്തെന്നു വരും. പക്ഷെ, സന്തോഷസമേതം പ്രവർത്തിക്കുവാൻ ആന്തരീക സ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. അതിനു മനോഭാവത്തിൽ വ്യത്യാസം ഉണ്ടാകണം. ആന്തരീകമായ ഈ വ്യതിയാനമാണ് മേന്മയേറിയ വ്യക്തിത്വമായി പുറമെ കാണപ്പെടുന്നത്. മനോഭാവത്തിന്റെ പ്രകാശനമാണ് വ്യക്തിത്വം. അപ്പോൾ മനോഭാവത്തിലെ വ്യതിയാനം മൂല്യാധിഷ്ഠിതമാകണമെന്നും വ്യക്തമാക്കുന്നു.

നമ്മുടെ വിദ്യാഭ്യാസത്തിൽ ഏറ്റവും അധികം അവഗണിക്കപ്പെട്ടുകിടക്കുന്ന സംഗതിയാണ് സ്വഭാവം. വിജയകരമായ പ്രവർത്തനത്തിന് ഒരു വ്യക്തി പഠിച്ച പാഠങ്ങളുടെ ആകെ വേണ്ടിവരുന്ന പങ്ക് പതിനഞ്ചു ശതമാനം മാത്രം – എൺപത്തിയഞ്ചു ശതമാനവും സ്വഭാവഗുണമാണ്. തൊഴിൽ വൈദഗ്ദ്ധ്യത്തിന് 15 ശതമാനം പങ്കേയുള്ളൂ. 85 ശതമാനവും വ്യക്തിപരമായ മേന്മയാണ് പ്രധാന പങ്ക് വഹിക്കുന്നത്. ഈ പതിനഞ്ചു ശതമാനത്തിലാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഊന്നൽ മുഴുവൻ എൺപത്തിയഞ്ചു ശതമാനം വരുന്ന സ്വഭാവഗുണത്തെ മുൻനിർത്തി വിദ്യാഭ്യാസപ്രവർത്തനം നടത്താൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള അവസരങ്ങൾ ലഭ്യമാകുമ്പോൾ ശരിയാംവിധം വിജയം വരിക്കുന്നതിനാവശ്യമായ സ്വഭാവഗുണം ജീവിതത്തിൽ നേരത്തെതന്നെ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. നിലനില്ക്കുന്ന ഫലം ഉണ്ടാകുന്നതിനുള്ള അടിസ്ഥാനമാണ് സ്വഭാവരൂപീകരണത്തിലൂടെ കൈമുതലാക്കിക്കൊടുക്കുന്നത്.

രാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ ഒരിക്കൽ പറഞ്ഞു: വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സ്വഭാവഗുണമാണ്. സ്വഭാവഗുണമില്ലാത്ത വിദ്യാഭ്യാസം ഉപയോഗശൂന്യവും ആപൽക്കരവുമാണ്. ഒരു വ്യക്തി വിദ്യാസമ്പന്നനൊ എന്നു നിശ്ചയിക്കുന്നത് അദ്ദേഹത്തിന്റെ പേരിനു പിന്നാലെ എത്ര ബിരുദങ്ങൾ എഴുതിച്ചേർത്തിരിക്കുന്നു എന്നുനോക്കിയല്ല, സ്വഭാവ മഹിമ നോക്കിയാണ്.

### വിജ്ഞാനത്തിന്റെ വഴി ഹൃദയത്തിൽനിന്ന്

ആർജ്ജിച്ച അറിവിന്റെ പ്രയോഗം ആ വ്യക്തിയുടെ ഹൃദയത്തിന്റെ ചായ്‌വനുസരിച്ചാണ് ഫലമുളവാക്കുന്നത്. ആലങ്കാരികമായി പറഞ്ഞാൽ തലയെ തിരിച്ചുവിടുന്നത് ഹൃദയമാണ് (Head is Programmed By the heart). തലയ്ക്ക് മാർക്ഷനിർദ്ദേശം നൽകുന്നത് ഹൃദയ മെന്നർത്ഥം. തലയിലേറ്റുന്ന വിജ്ഞാനത്തിന്റെ ശരിയായ പ്രയോഗം ഹൃദയത്തിന്റെ ശരിയായ ചായ്‌വിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. എത്ര മേൽത്തരമായ കാര്യങ്ങൾ പകർന്നു കൊടുത്താലും ഹൃദയം ശരിയല്ലെങ്കിൽ അനഭിലഷണനീയമാകും.

വ്യക്തിത്വ വികസനത്തെ അപഗ്രഥിച്ചാൽ അതിൽ കുറെയൊക്കെ ജന്മനാ ലഭിച്ചതായിരിക്കും. നമുക്കതിനെ സഹജഗുണമെന്നു വിളിക്കാം. ഓരോരുത്തരുടെയും ജീൻ വ്യത്യസ്തമാണല്ലോ. പിന്നെ പാരമ്പര്യഗുണമുണ്ട്. സാഹചര്യങ്ങൾ വലിയ പങ്കു വഹിക്കുന്നു. പരിശീലനവും പ്രധാനമാണ്. ഇവയോടൊപ്പം ഒപ്പം നമ്മുടെ ചിന്താവിഷയമായ മൂല്യബോധവും ചേർക്കണം. വ്യക്തിത്വ വികസനം + സഹജഗുണം + പാരമ്പര്യഗുണം + പരിതസ്ഥിതി + പരിശീലനം = മൂല്യാവബോധം.

വ്യക്തിജീവിതങ്ങളിൽ പരിവർത്തനത്തിനുള്ള അഭിവാഞ്ഛ ചെറുപ്പകാലം മുതലെ ലഭിക്കുന്ന മൂല്യാവബോധത്തിൽ അധിഷ്ടിതമായിക്കുന്നു. ശരിയായ ആളത്വവികസനത്തിന് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം അടിത്തറയാകുന്നു. ഏതു സാഹചര്യത്തിലും നിൽക്കാൻ കുട്ടികളെ സഹായിക്കുന്ന സ്വഭാവശ്രേഷ്ഠതയ്ക്ക് കേവലം ശാരീരികവും മാനസികവുമായ വളർച്ചയ്ക്കു മാത്രം മുൻതൂക്കം കൊടുക്കാതെ ആദ്ധ്യാത്മികതയിൽ രൂപപ്പെട്ട സ്വഭാവശിക്ഷണംകൂടെ വിദ്യാഭ്യാസത്തിൽ മുൻഗണന നൽകി ഉൾപ്പെടുത്തിയാലേ മനുഷ്യനന്മ കൈവരിക്കുകയുള്ളു. ധാർമിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനുള്ള വിദ്യാഭ്യാസമാണ് വിവിധ പ്രശനങ്ങളെ പരിഹരിക്കുവാൻ പര്യാപ്തമായിത്തീരുന്നത്. ആത്മീകവും ധാർമ്മീകവുമായ മൂല്യങ്ങളെ വിസ്മരിച്ചുകൊണ്ട് നടപ്പാക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പലവിധ ദോഷഫലങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന് കാരണമാകുന്നുണ്ട്.

### ഉൽക്യഷടമായവയ്ക്ക് മൂല്യം നൽകുക

വിജയിക്കുവാനും മുന്നേറുവാനും എന്തെല്ലാം കരസ്ഥമാക്കേണമെന്നതിൽ കുട്ടികൾ ശ്രദ്ധാലുക്കളാണ്. എന്ത് വിശ്വസിക്കണം? എങ്ങനെ പെരുമാറണം ഏതോക്കെ മാതൃകകൾ പിൻപറ്റണം? ഏതു വേഷം ധരിക്കണം? എങ്ങനെ വിജയിക്കാം, മുന്നേറാം, മതിപ്പ് ഉളവാക്കാം? തുടങ്ങിയ കാര്യങ്ങളിൽ അവർ അതീവശ്രദ്ധ ചെലുത്തുന്നു. എന്തു വിശ്വസിക്കണമെന്നും എങ്ങനെ പെരുമാറണമെന്നും മറ്റും അവരോടു പറയുമ്പോൾ അതിന്റെ പിന്നിലെ മൂല്യങ്ങളെക്കുറിച്ചുകൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. സാമ്പത്തീക മൂല്യത്തിനുപരിയായി ധാർമികമൂല്യത്തെ പ്രതിഷ്ഠിച്ചുകൊണ്ടുള്ള വിദ്യാഭ്യാസമാണ് നൽകേണ്ടത്. മറ്റുള്ളവരിൽ മതിപ്പുളവാക്കുവാൻ വേണ്ടി കുട്ടികൾ കുറുക്കു വഴികൾ പ്രയോഗിക്കുവാനും മറ്റു രീതികളിൽ ശ്രദ്ധ ആകർഷിക്കപ്പെടാനും ശ്രമിക്കുന്നു. ഈ പശ്ചാത്തലത്തിൽ അവരുടെ പഠനകാലത്ത് സ്കൂളുകളിൽ തന്നെ മൂല്യാവബോധം പകരാൻ മാർഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു.

മൂല്യചൂതി അനുഭവിക്കുന്ന ഇന്നത്തെ സമൂഹത്തിൽ, സ്വഭാവ മഹിമയെപ്പറ്റി ചിന്തിക്കുന്നതിനും അത് സ്വായത്തമാക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്നതിനും അദ്ധ്യാപകരേയും മാതാപിതാക്കളേയും ബോധവത്കരിക്കേണ്ടിയിരിക്കുന്നു. കുട്ടികൾക്ക് മൂല്യത പിടിച്ചെടുക്കുവാനും അത് അനുകരിക്കാനും ഇടയാക്കുന്നത് അവരുടെ അദ്ധ്യാപകരുടെയും മുതിർന്നവരുടെയും സ്വാഭാവിക മൂല്യബോധം (lived Values) കാണുന്നതിലൂടെയാകയാൽ മുതിർന്നവർ എന്തിനൊക്കെയാണ് മൂല്യത കൊടുത്തിട്ടുള്ളതെന്നും ഏതുവിധത്തിലുള്ള വർത്തനാരീതികളുടെ ഉടമകളാണെന്നും ഉള്ളതിന് പ്രധാന പങ്കുണ്ട്. ഉൽകൃഷ്ടമായതിന് മൂല്യത കല്പിക്കുന്ന പ്രക്രിയയിലേക്ക് കുട്ടികളെ നയിക്കുവാൻ ഉതകുന്ന ഉപാധികളായി എല്ലാ വിദ്യാഭ്യാസപ്രവർത്തനങ്ങളേയും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

ചൈനീസ് പഴമൊഴിയിൽ ഇങ്ങനെ പറയുന്നു: വൈശിഷ്ഠ്യമാർന്ന ഒരു ഹൃദയമുണ്ടെങ്കിൽ അവിടെ സ്വഭാവസൗന്ദര്യം ഉണ്ടായിരിക്കും, സ്വഭാവ,സൗന്ദര്യം ഉണ്ടെങ്കിൽ ഭവനത്തിൽ രമ്യത ഉണ്ടായിരിക്കും, ഭവനത്തിൽ രമ്യതയുണ്ടെങ്കിൽ രാജ്യത്ത് ക്രമസമാധാനമുണ്ടായിരിക്കും, രാജ്യത്ത് ക്രമസമാധാനമുണ്ടെങ്കിൽ അത് ലോകസമാധാനത്തിലെത്തിക്കും.

A Chinese proverb says: “If there is nobility in heart, there will be beauty in character, If there is beauty in character, there will be harmony at home, if there is harmony at their will be order in the nation, if there is order in the nation, there will be peace in the world”.

# പ്രസംഗം

## പ്രത്യയശാസ്ത്രപരമായ അന്ത്യകാല ലക്ഷണങ്ങൾ

- ദുരുപദേശം (2 പത്രൊ. 2)
- കള്ളപ്രവാചകന്മാർ (മത്താ. 24)
- കള്ള ക്രിസ്തുക്കൾ (മത്താ. 24, ലൂക്കൊ. 21)
- സമാധാനവും സുരക്ഷിതത്വവും വാഗ്ദാനം ചെയ്യപ്പെടും (1 തെസ്സ. 5)
- ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടും (മത്താ. 24, മർക്കൊ. 13, ലൂക്കൊ. 21)
- ആഗോള മതഭ്രംശം (2 തെസ്സ. 1, 1 തിമൊ.)
- വെള്ളം ചേർത്ത സുവിശേഷം (2 തിമൊ; മത്താ. 15)
- നല്ലതിനെ തീയതെന്നും തീയതിനെ നല്ലതെന്നും വിളിക്കും (യെശ. 5)
- സമാധാനത്തിനായുള്ള കരച്ചിലും വ്യാജ വാഗ്ദാനവും (1 തെസ്സ. 5)
- സഭയിൽ കപടവേഷധാരികൾ (മത്താ. 13)
- ദുരുപദേശകരുടെയും ദുരുപദേശങ്ങളുടെയും വർദ്ധന (മത്താ. 24)
- ക്രിസ്ത്യാനികൾ നിന്ദിക്കപ്പെടും (മത്താ. 24, ലൂക്കൊ. 21)
- സ്നേഹിതരാൽ വിശ്വാസികൾ വഞ്ചിക്കപ്പെടും (ലൂക്കൊ. 21)
- ആഗോള വ്യാപകമായി ബാലിശമായ ബന്ധങ്ങൾ (വെളി. 21)
- സത്യസുവിശേഷത്തിൽ നിന്നുമുള്ള വ്യതിചലനം (2 തെസ്സ. 2)
- ശീതോഷ്ണമായ സഭ (വെളി. 3)

## ❷ മുന്നറിയിപ്പുകളെ അവഗണിക്കരുത്; തയ്യാറെടുപ്പുകൾ നടത്തുക

മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിലെ ഉപമ ശ്രദ്ധിച്ചാൽ; സ്വർഗ്ഗരാജ്യം മണവാളനെ എതിരേൽപ്പാൻ പുറപ്പെട്ട പത്ത് കന്യകമാർക്ക് തുല്യം. അവരിൽ അഞ്ച് പേർ ബുദ്ധിയുള്ളവരും അഞ്ച് പേർ ബുദ്ധിയില്ലാത്തവരും ആയിരുന്നു. ബുദ്ധി ഇല്ലാത്തവർ വിളക്ക് എടുത്തു എങ്കിലും എണ്ണ കരുതിയിരുന്നില്ല! ബുദ്ധിയുള്ളവരോ വിളക്കിനൊപ്പം എണ്ണ പാത്രവും കരുതിയിരുന്നു. മണവാളൻ വരുവാൻ താമസിച്ചതിനാൽ അവരെല്ലാവരും നിദ്രയിലേക്ക് വീണു.

അർദ്ധരാത്രിയിൽ മണവാളന്റെ വരവ് അറിയിച്ച് കൊണ്ടുള്ള കാഹളം മുഴങ്ങി: വരുവിൻ വന്ന് മണവാളനെ സ്വീകരിപ്പിൻ. അപ്പോൾ കന്യകമാരെല്ലാവരും ഉണർന്ന് വിളക്ക് തെളിയിച്ചു. എന്നാൽ എണ്ണ തീർന്ന് പോയതിനാൽ ബുദ്ധിയില്ലാത്തവർ തിരിതെളിക്കാനായി മറ്റുള്ളവരോട് എണ്ണയ്ക്കായി അപേക്ഷിച്ചു. എണ്ണ നമുക്ക് രണ്ട് പേർക്കും പങ്ക് വച്ച് ഉപയോഗിക്കാൻ കഴിയാത്തതിനാൽ ദയവായി നിങ്ങൾ ചന്തയിൽ പോയി വിൽക്കുന്നവരോട് വാങ്ങി വരുവിൻ എന്ന് അവർ മറുപടി പറഞ്ഞു. എന്നാൽ അവർ എണ്ണ വാങ്ങാൻ ചന്തയിൽ പോയ സമയത്ത് മണവാളൻ വരികയും തയ്യാറായി നിന്ന കന്യകമാരുമായി മടങ്ങിപ്പോകുകയും ചെയ്തു. മടങ്ങി വന്ന കന്യകമാർ കർത്താവേ... കർത്താവേ... എന്നപേക്ഷിച്ചു എങ്കിലും ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന മറുപടിയാണ് ലഭിച്ചത്. അതുകൊണ്ട് ഒരുങ്ങിയിരിപ്പിൻ അവൻ വരുന്ന നാളും നാഴികയും നാം അറിയുന്നില്ല.

നാം ബുദ്ധിയുള്ള കന്യകമാരെപ്പോലെയോ, അതോ ബുദ്ധിയില്ലാത്ത കന്യകമാരെപ്പോലെയോ ആയിത്തീരാനാഗ്രഹിക്കുന്നത്? നാം കേവലം ഭൗതിക അനുഗ്രഹത്തിന്റെ പിന്നാലെ പോകുന്നവരായി തീരാതെ, വളരെ പ്രാധാന്യമുള്ളതിലേക്ക് മാത്രം നമ്മുടെ ലക്ഷ്യത്തെയും പരിഗണനയേയും തിരിക്കാം. ഇതിനർത്ഥം എന്തെങ്കിലും ഭക്ഷിച്ചുകൊണ്ട് മാത്രം ദൈവം പ്രവർത്തിക്കും എന്ന് കരുതി നിവർന്നിരിക്കാൻ വേണ്ടിയല്ല.

യെഹസ്കേൽ 33 ൽ യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: മനുഷ്യപുത്രാ, നീ നിന്റെ സ്വജാതിക്കാരോട് പ്രവചിച്ചു പറയേണ്ടത്: ഞാൻ ഒരു ദേശത്തിന്റെ നേരെ വാൾ വരുത്തുമ്പോൾ, ആ ദേശത്തിലെ ജനം തങ്ങളുടെ കൂട്ടത്തിൽ നിന്ന് ഒരു പുരുഷനെ തിരഞ്ഞെടുത്തു കാവൽക്കാരനാക്കി വച്ചാൽ, ദേശത്തിന്റെ നേരെ വാൾ വരുന്നത് കണ്ടിട്ട് അവൻ കാഹളം ഊതി ജനത്തെ ഓർമ്മപ്പെടുത്തുമ്പോൾ ആരെങ്കിലും കാഹളനാദം കേട്ട് കരുതിക്കൊള്ളാതെ ഇരുന്നിട്ട്, വാൾ വന്നു അവനെ ഛേദിച്ച് കളയുന്നു എങ്കിൽ അവന്റെ രക്തം അവന്റെ തലമേൽ തന്നെ ഇരിക്കും. അവൻ കാഹളനാദം കേട്ടിട്ട് കരുതിക്കൊണ്ടില്ല; അവന്റെ രക്തം അവന്റെ മേൽ ഇരിക്കും. അവൻ കാഹളനാദം കേട്ടിട്ട് കരുതിക്കൊണ്ടിരുന്നുവെങ്കിൽ അവൻ തന്റെ പ്രാണനെ രക്ഷിക്കുമായിരുന്നു. എന്നാൽ കാവൽക്കാരൻ വാൾ വരുന്നതുകണ്ടിട്ട് കാഹളം ഊതാതെയും ജനം കരുതിക്കൊള്ളാതെയും ഇരുന്നിട്ട് വശത്ത് അവരുടെ ഇടയിൽ നിന്ന് ഒരുത്തനെ ഛേദിച്ച് കളയുന്നു എങ്കിൽ, അവൻ തന്റെ അകൃത്യം നിമിത്തം ഛേദിക്കപ്പെട്ടുപോയി എങ്കിലും അവന്റെ രക്തം ഞാൻ കാവൽക്കാരനോട് ചോദിക്കും. അതുപോലെ മനുഷ്യപുത്രാ ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിനു കാവൽക്കാരനാക്കി വച്ചിരിക്കുന്നു. നീ എന്റെ വായിൽ നിന്ന് വചനം കേട്ട് എന്റെ നാമത്തിൽ അവരെ ഓർമ്മപ്പെടുത്തണം.

താങ്കൾ ഗോപുരത്തിങ്കൽ കാവൽക്കാരനോ?
താങ്കൾ കാഹളം മുഴക്കുന്നവനോ?

THE SOUL WINNER
The Soul Winners India, P. O. Box 597232
Chicago.IL - 60659, USA
Phone: (+91) 479 2356706, 9981571723
Email: editor.swi@gmail.com
September 2013
Volume 1 Issue 3

# ഭാരതീയ സംസ്ക്കാരവും ക്രിസ്തുശാസ്ത്രവും





ജെ. സി. ദേവ്

ഇൻഡ്യൻ തിയോളജിയിൽ ഭാരതീയ സംസ്ക്കാരത്തിൽ രൂപം കൊള്ളുന്ന ക്രിസ്തുശാസ്ത്രത്തിനാണ് പ്രസക്തിയുള്ളത്. ഇന്ത്യയിലെ ദൈവശാസ്ത്രജ്ഞൻമാർ ആ വഴിക്കു ചിന്തിക്കണം. ദൈവശാസ്ത്രത്തിലെ ഒരു സുപ്രധാന വകുപ്പാണ് (ഡിപ്പാർട്ടുമെന്റാണ്) ക്രിസ്തുശാസ്ത്രം (Christology). നമ്മുടെ സെമിനാരികളിലും ബൈബിൾ കോളേജുകളിലും ക്രിസ്തുശാസ്ത്രം പഠിപ്പിക്കുന്നുണ്ട്.

ക്രിസ്തു ശാസ്ത്രത്തിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട പ്രധാന വിഷയങ്ങൾ താഴെ ചേർക്കുന്നു. 1. ക്രിസ്തു (വചനം= ലോഗോസ്) 2. പ്രവചിക്കപ്പെട്ട ക്രിസ്തു 3. ക്രിസ്തു- ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാട് (ദൈവാവിഷ്ക്കാരത്തിന്റെ പൂർണ്ണത) 4. ക്രിസ്തു യുഗങ്ങളുടെ പ്രതീക്ഷ, 5. കഷ്ടപ്പെടുന്ന ദാസൻ, 6. സ്വയം ശൂന്യമാക്കിയ ക്രിസ്തു (കെനോസിസ്) 7. ക്രിസ്തു ചരിത്രത്തിൽ, 8. ക്രിസ്തു സുവിശേഷങ്ങളിൽ (മത്തായി = ക്രിസ്തുവിന്റെ രാജത്വം, മർക്കോസ് = ദാസത്വം, ലൂക്കോസ് = മനുഷത്വം, യോഹന്നാൻ = ദൈവത്വം). 9. യേശുവിന്റെ വംശാവലി. 10. ക്രിസ്തുവിന്റെ മനുഷത്വം, 11. ക്രിസ്തുവിന്റെ ദൈവത്വം, 12. പ്രവാചകൻ, 13. മശിഹ, 14. രാജാവ്, 15. മനുഷ്യപുത്രൻ, 16. ദൈവപുത്രൻ, 17. കർത്താവ്, 18. ഇമ്മാനുവേൽ, 19. യേശു, 20. ക്രിസ്തു, 21. മദ്ധ്യസ്ഥൻ, 22. നിത്യമഹാപുരോഹിതൻ, 23. ഇടയ ശ്രേഷ്ഠൻ, 24. പാറയും മൂലക്കല്ലും, 25. ക്രിസ്തുവും ദൈവരാജ്യവും, 26. ക്രിസ്തുവിന്റെ അത്ഭുതങ്ങൾ, 27. ക്രിസ്തുവും സ്ത്രീകളും, 28. ക്രിസ്തുവും ശിശുക്കളും, 29. ക്രിസ്തുവിന്റെ താഴ്മയും സഹനവും, 30. പവിത്രവും നിസ്തുല്യവുമായ വ്യക്തിത്വം, 31. ക്രിസ്തുവും ശിഷ്യൻമ്മാരും, 32. ക്രിസ്തുവും തൊഴിലും, 33. ക്രിസ്തുവും നിയമവും, 34. ക്രിസ്തുവിന്റെ മാതാപാതാക്കൾ, 35. സഹോദരൻമാരും സഹോദരിമാരും, 36. ‘പിതാവേ... ‘എന്ന സംബോധന, 37. ക്രിസ്തുവും പ്രാർത്ഥനയും, 38. വിചാരണയും വിധിയും, 39. ക്രിസ്തുവിന്റെ ക്രൂശീകരണം, 40. ഉയർത്തെഴുന്നേറ്റ ക്രിസ്തു, 41. ക്രിസ്തുവും പരിശുദ്ധാത്മാവും, 42. സ്വർഗ്ഗാരോഹണം, 43. ക്രിസ്തുവും സഭയും, 44. ക്രിസ്തു സഭയുടെ ശിരസ്സ്, 45. ക്രിസ്തു അനുകരിക്കുവാൻ ഒരു മാതൃക, 46. ക്രിസ്തു ലോകത്തിന്റെ പ്രകാശവും പ്രത്യാശയും, 47. ഗിരിപ്രഭാഷണം, 48. ക്രിസ്തു ജേതാവ്, 49. വീണ്ടും വരുന്ന ക്രിസ്തു, 50. ക്രിസ്തുവിന്റെ ന്യായാസനം.

ക്രിസ്തുവിന്റെ പേരുകളും, പ്രവർത്തികളും, ശുശ്രൂഷകളും, ഉപദേശങ്ങളും, പ്രതികരണങ്ങളും ക്രിസ്തു ശാസ്ത്രത്തിൽ പഠനവിഷയങ്ങളാണ്. ക്രിസ്തു ചരിത്രപുരുഷനാണെന്നത് ക്രിസ്റ്റോളജിയുടെ ആധാരമാണ്. മതസ്ഥാപകരെയും ഇതിഹാസ പുരുഷൻമാരെയും പോലുള്ള ഒരാൾ അല്ല ക്രിസ്തു. മിത്തോ സങ്കൽപ്പ പുരുഷനോ അല്ല. ഏകദേശം ബി.സി 4-ൽ അഗസ്റ്റോസ് കൈസരുടെ കാലത്ത് ബേത്ലഹേമിൽ ജനിക്കുകയും എ. ഡി 30- ൽ തിബെര്യാസ് കൈസരുടെ കാലത്ത് കാൽവറിയിൽ ക്രൂശിൽ മരിച്ച് അരിമത്യാക്കാരൻ ജോസഫിന്റെ കല്ലറയിൽ അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും ചെയ്ത ക്രിസ്തു ചരിത്രപുരുഷനാണ്. ലോകചരിത്രത്തിൽ നിഷേധിക്കാനാവാത്തതാണ് ക്രിസ്തുവിന്റെ സാന്നിദ്ധ്യം. ക്രിസ്തുവിനെ മധ്യബിന്ദുവായി പരിഗണിച്ച് ലോകചരിത്രത്തെ ബി.സി എന്നും എ. ഡി എന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. യഹൂദാ ചരിത്രകാരനായ ഫ്ളാവിയസ് ജോസീഫസും, റോമൻ ചരിത്രകാരനായ ടാസിറ്റസും ക്രിസ്തുവിനെക്കുറിച്ച് ആധികാരികമായി രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു നിസ്തുല്യനാണ്, കാലാതീതനാണ്.

ക്രിസ്തു ഒരു മതസ്ഥാപകനല്ല. ’ക്രിസ്തുമതം’’ ക്രിസ്തു സ്ഥാപിച്ചതല്ല, ലോകമതനേതാക്കളിൽ ഒരാളായി ക്രിസ്തുവിനെ ചിത്രീകരിക്കുന്നത് അദേഹത്തെ ആക്ഷേപിക്കുന്നതിനു തുല്യമാണ്. അവിടുന്ന് ‘പിതാവിന്റെ‘ ഹിതം നിവൃത്തിക്കുകയായിരുന്നു. ദൈവരാജ്യമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. സ്നേഹസാമ്രാജ്യമായിരുന്നു അവിടുത്തേത്. അവിടുന്ന് വാഗ്ദത്തം ചെയ്തത് നിത്യജീവനായിരുന്നു. അനുപമ ജീവിതത്തിന്റെ ഉടമയാണ് ക്രിസ്തു. ഈ യാഥാർത്ഥ്യം ക്രിസ്തുശാസ്ത്രം വിശദീകരിക്കുന്നു.

> **ക്രിസ്തു ഒരു മതസ്ഥാപകനല്ല. ക്രിസ്തുമതം ക്രിസ്തു സ്ഥാപിച്ചതുമല്ല, ലോകമതനേതാക്കളിൽ ഒരാളായി ക്രിസ്തുവിനെ ചിത്രീകരിക്കുന്നത് അദേഹത്തെ ആക്ഷേപിക്കുന്നതിനു തുല്യമാണ്.**

ക്രിസ്തു ഏഷ്യക്കാരനാണ്, പൗരസ്ത്യനാണ്, ഭാരതത്തിൽ പൗരസ്ത്യനായി തന്നെ ക്രിസ്തുവിനെ അവതരിപ്പിക്കണം. എങ്ങനയോ ഇന്ത്യാക്കാർ ക്രിസ്തുവിനെ ഒരു പാശ്ചാത്യനായി തെറ്റിദ്ധരിച്ചിരിക്കയാണെന്നു തോന്നുന്നു. ഒരു പക്ഷേ, ഇന്ത്യയിൽ പാശ്ചാത്യമിഷണറിമാരുടെ പ്രവർത്തനശൈലിയായിരിക്കാം അതിനു കാരണം. പൗരസ്ത്യനായ ക്രിസതുവിനെ ഭാരതത്തിൽ പരിചയപ്പെടുത്തിയത് പാശ്ചാത്യരാണ്. അവരുടെ ശൈലിയിലും, സമീപനത്തിലും, ഭാവത്തിലും, പാശ്ചാത്യ ഭാവം വന്നുകൂടി. പാശ്ചാത്യരോടുള്ള വിരോധം സ്വഭാവികമായും അവർ പ്രസംഗിച്ച ക്രിസ്തുവിനോടും ഉണ്ടായിക്കാണും. ഇവിടെ എത്തിയ ആദ്യകാല മിഷണറിമാർ ഭാരതീയ സംസ്ക്കാരവും ഭാരതീയ തനിമയും സ്വീകരിച്ച് ഭാരതീയ ശൈലിയിൽ ലാളിത്യമായും ആഢംബരരഹിതമായും ത്യാഗമനോഭാവത്തോടും കൂടെ ക്രിസ്തുവിനെ പ്രസംഗിച്ചിരുന്നു. നമ്മുടെ ഭാഷ പഠിച്ച് നമ്മുടെ ഭാഷയിൽ ക്രിസ്തുവിനെ പ്രസംഗിച്ചവരുണ്ട്. അവരുടെ പ്രസംഗവും പ്രവർത്തിയും ഭാരതീയരെ ആകർഷിച്ചിരുന്നു. ക്രിസ്തുദർശനത്തിലെ ലാളിത്യവും, എളിമയും, കഷ്ടതയും, ദയയും, ത്യാഗവും, സ്വയവർജ്ജനവും, സാമൂഹിക പ്രതിബദ്ധതയും, കരുതലും അവർക്ക് വെളിപ്പെടുത്താൻ കഴിഞ്ഞു. അതു കൊണ്ടാണ് അവർക്ക് ഭാരതത്തെ സ്വാധീനിക്കാൻ കഴിഞ്ഞത്. പിന്നീട് വന്ന മിഷിണറിമാർ ഭാരതീയ തനിമയും സംസ്ക്കാരവും ഉൾക്കൊള്ളുവാൻ മടിക്കുകയും; തികഞ്ഞ പാശ്ചാത്യ ശൈലിയിലും ആഢംബരത്തോടും പ്രതാപത്തോടും ആഘോഷങ്ങളോടുംകൂടെ ക്രിസ്തുവിനെ പ്രസംഗിക്കുകയും ചെയ്തു. ഈ അവതരണ ശൈലി ക്രിസ്തുവിനെ ഇന്ത്യക്ക് ഒരന്യനാക്കിതീർത്തു. ക്രിസ്തുവിനെ ഇന്ത്യൻ ജനതയിൽ അടിച്ചേൽപ്പിക്കുന്നതു പോലെ തെറ്റിദ്ധരിക്കപ്പെട്ടു. മാനസികമായി ഇന്ത്യൻ ജനതയ്ക്ക് ക്രിസ്തുവിനോടു അകൽച്ച തുടങ്ങിയത് ഇങ്ങനെയാണ്. ഈ ധാരണ തിരുത്തണം. ക്രിസ്തു പൗരസ്ത്യനാണെന്ന ബോധം ഭാരതീയ മനസ്സിൽ സൃഷ്ടിക്കണം. നമ്മുടെ സാഹിത്യ രചനകളിൽ ഇത് പ്രതിബിംബിക്കണം. ഈ പശ്ചാത്തലത്തിൽ ക്രിസ്റ്റോളജി രൂപം കൊള്ളണം.

ഭാരതീയതയ്ക്കും ഭാരതീയ സംസ്ക്കാരത്തിനും പൗരസ്ത്യനായ ക്രിസ്തു സ്വീകാര്യനാണ്. അതുകൊണ്ടാണ് ശ്രീരാമകൃഷ്ണ പരമ ഹംസരും, വിവേകാനന്ദനും, മഹാത്മാഗാന്ധിയും, ടാഗോറും, കേശബചന്ദ്രസെന്നും, രാജാറാം മോഹൻ റോയിയും, രാധാകൃഷ്ണനും, ക്രിസ്തുവിനെ ആദരിച്ചത്. ഭാരതത്തിലെ പ്രബുദ്ധരായ നമ്മുടെ ഈ ആചാര്യൻമാർക്ക് ക്രിസ്തു സ്വീകാര്യനായിരുന്നു. അടിസ്ഥാനപരമായി ഇന്ത്യനൈസേഷന്റെ (ഭാരതവത്ക്കരണം) പേരിൽ ക്രിസ്തുവിനെയും ക്രിസ്തു ദർശനത്തേയും ‘കാവിവത്കരിക്കാനുള്ള‘‘ ഒരു ശ്രമം റോബർട്ട് ഡി നോബിലി നടത്തി. അത് ഒരു പരാജയമായിരുന്നു എന്നത് അപ്രിയ സത്യമാണ്. ക്രിസ്തുവിനെ കാവി ഉടുത്ത, രുദ്രാക്ഷമാല അണിഞ്ഞ ഒരു ഇന്ത്യൻ സന്യാസിയായി അവതരിപ്പിക്കുന്നതിൽ കഥയില്ല. ഇത്തരം ഇന്ത്യനൈസേഷനിൽ (ഭാരതവത്ക്കരണം) പ്രബുദ്ധമായ ഇൻഡ്യൻ മനസ്സിന് താൽപര്യമില്ല എന്നു നാം തിരിച്ചറിയണം. ഇത്തരമൊരു വേഷപകർച്ച കൂടാതെ തന്നെ വിവേകാനന്ദനും, ഗാന്ധിജിക്കും, ടാഗൂറിനും, രാധാകൃഷ്ണനും ക്രിസ്തു സ്വീകാര്യനായിരുന്നു. ക്രിസ്തുവിനെ ‘ശിവനോ‘, ‘കൃഷ്ണനോ‘ ആയി രൂപാന്തരപ്പെടുത്തുകയല്ല ‘ഭാരതവത്കരണം‘ കൊണ്ട് സാധിക്കേണ്ടത്. ക്രിസ്തു ക്രിസ്തുവും, കൃഷ്ണൻ കൃഷ്ണനും, ശിവൻ ശിവനുമാണ്. ക്രിസ്തുവും കൃഷ്ണനും തമ്മിൽ യാതൊരു സാദൃശ്യവും ബന്ധവും ഇല്ല. അതുപോലെ ശിവനുമായിട്ടും, യാതൊരു ഭാരതീയ ഭാവ സങ്കൽപ്പങ്ങളുമായിട്ടും ക്രിസ്തുവിനു ബന്ധമില്ല. ക്രിസ്തു വ്യത്യസ്തനാണ്. ക്രിസ്തുവിന്റെ വ്യക്തിത്വവും, ദർശനവും, ശൈലിയും, പ്രബോധനവും, ജീവിതവും ബൈബിളിക പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ നിലവാരത്തിൽ തന്നെ നിലനിറുത്തികൊണ്ട് ഭാരതീയ തനിമയിൽ ക്രിസ്തുവിനെ അവതരിപ്പിക്കുവാൻ കഴിയണം. വേഷങ്ങളും, രൂപങ്ങളും, സാദൃശ്യങ്ങളും, സ്വീകരിക്കുന്നതിലല്ല, ക്രിസ്തുവിന്റെ ജീവിതമൂല്യങ്ങളും, ദർശനങ്ങളും, പ്രബോധനങ്ങളും അതേ നിലവാരത്തിൽ ആത്മീയതയിലും, ആത്മാർത്ഥതയിലും പവിത്രമായി പരിരക്ഷിക്കുന്നതിലാണ് പ്രബുദ്ധമായ ഭാരതീയ മനസ്സിനു തൃപ്തി.

